


# മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

A WEEKLY PUBLICATION OF THE FAITH & CULTURE FELLOWSHIP DEVALOKAM KOTTAYAM 686 038 KERALA. PHONE: 8234

വാല്യം 5 | 1988 ആഗസ്റ്റ് 5 | ലക്കം 24


# സഭാ മാനേജിംഗ് കമ്മററി ആഗസ്ററ് 23-ന്

(സ്റ്റാഫ് ലേഖകൻ)

കോട്ടയം: മലങ്കര ഓർത്തഡോക്സ് സഭാ മാനേജിംഗ് കമ്മററിയുടെ ഒരു പ്രത്യേകയോഗം ആഗസ്റ്റ് 23–ന് കോട്ടയം പഴയസെമിനാരിയിൽ പ: ബാവാ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടുന്നതാണ്. സഭയുടെ വികസന പ്രവർത്തനങ്ങളെപ്പററി ആലോചിക്കുകയും, മുൻ മാനേജിംഗ് കമ്മററിയിൽ അതുസംബന്ധിച്ച് അവതരിപ്പിച്ച രേഖകളെപ്പററി ചർച്ചചെയ്യുകയുമാണ് ഇത്തവണത്തെ പ്രധാന വിഷയം.

പ: ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ ബാവായുടെ ചരമ കനകജൂബിലി ആഘോഷങ്ങളെപ്പററി ആലോചിക്കയും പരിപാടികൾക്ക് മാനേജിംഗ് കമ്മററി പൂർണ്ണരൂപം തയ്യാറാക്കുകയും ചെയ്യുന്നതാണ്.

## ഇമാം സുവാർത്താ മിഷൻ: ഉണർവ്വ് യോഗങ്ങൾ

കോട്ടയം: ഇമാം സുവാർത്താ മിഷൻെറ ആഭിമുഖ്യത്തിൽ സുവിശേഷ ഉണർവ്വു ധ്യാനയോഗങ്ങൾ മണർകാട് ഇമാം നഗറിൽവച്ച് സെപ്തംബർ 11 മുതൽ 18 വരെ തീയതികളിൽ നടത്തുന്നതിനു് നിശ്ചയിച്ചിരിക്കുന്നു. രാവിലെ 9 മണി മുതൽ 3 മണിവരെ ധ്യാനയോഗങ്ങളും, രാത്രി കൺവൻഷൻ പ്രസംഗവും ആണ് പ്രധാന പരിപാടികൾ. കൂടാതെ പാട്ട്, മദ്ധ്യസ്ഥപ്രാർത്ഥന; വേദവായന; ധ്യാനം എന്നിവയുമാണ് പ്രധാന പരിപാടികൾ. സണ്ടേസ്കൂൾ ഡയറക്ടർ ജനറൽ സി. വി. ജോർജ്ജ് കോർ എപ്പിസ്കോപ്പാ, ഫാ. ഒ. എസ്. കര്യാക്കോസ്, ഇമാം സുവാർത്താ മിഷൻ ഡയറക്ടർ പോൾ സിനിരാജ് മുഹമ്മദ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കും.

## സുവിശേഷപരിശീലന സമ്മേളനം മാവേലിക്കരയിൽ

മാവേലിക്കര: മിഷൻട്രെയിനിംഗ് സെൻററിൻെറ ആഭിമുഖ്യത്തിൽ സുവിശേഷതല്പരരായ യുവതീയുവാക്കൾക്കായി ഒരു ഏകദിനപഠനക്യാമ്പ് ഈ മാസം 15 ന് മാവേലിക്കര സുവിശേഷാലയത്തിൽ വച്ച് നടത്തുന്നതാണ്.

14–ാം തീയതി വൈകിട്ട് ധ്യാനയോഗവും, കുമ്പസാരവും ഉണ്ടായിരിക്കും. 15ന് രാവിലെ വി:കുർബ്ബാനയും, തുടർന്ന് ക്ലാസുകളും നടക്കും. മാർ ഒസ്ത്താത്തിയോസ് മെത്രാപ്പോലീത്താ; ഫാ:മാത്യുവൈദ്യൻ; ഫാ:ജി.ജോൺ എന്നിവർ ക്ലാസ് എടുക്കും. ''ആദ്ധ്യാത്മികതയും, സാമൂഹ്യപ്രതിബദ്ധതയും'' എന്നതായിരിക്കും ക്ലാസിൻെറ വിഷയം.

## മണ്ണൂർ മർത്തശ്മൂനിപ്പള്ളി കൂദാശചെയ്തു

കൊട്ടാരക്കര: പുതുക്കിപ്പണിത മണ്ണൂർ മർത്തശ്മൂനിപ്പള്ളി 1988 ആഗസ്റ്റ് 1–ന് കൂദാശ ചെയ്തു. പരിശുദ്ധ ബസേലിയോസ് മാർത്തോമാ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവായുടെ പ്രധാന കാർമ്മികത്വത്തിലും, മാത്യൂസ് മാർ കൂറീലോസ്; ഗീവറുഗീസ് മാർ ദീയസ്കോറോസ് എന്നീ മെത്രാപ്പോലീത്തന്മാരുടെ സഹകാർമ്മികത്വത്തിലും ആണ് കൂദാശാകർമ്മം നിർവ്വഹിക്കപ്പെട്ടത്.

കൂദാശയോടൊപ്പം മർത്തശ്മൂനിയമ്മയുടെ പെരുനാളും ആഘോഷിച്ചു.

കൂദാശാനന്തരം മാത്യൂസ് മാർ കൂറീലോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനം പ: ബാവാ തിരുമനസ്സുകൊണ്ട് ഉദ്ഘാടനം ചെയ്തു. മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്താ; എം. പി. മന്മഥൻ; കെ. ആർ. ചന്ദ്രമോഹനൻ പി. കെ. അബ്ദുൾ അസീസ് മൗലവി; ഏബ്രഹാം പി. കോശി; ററി. ജെ. അലക്സാണ്ടർ, ബി.ശിവദാസൻ പിള്ള എന്നിവർ ആശംസാ പ്രസംഗങ്ങൾ ചെയ്തു.

## പുസ്തകം പ്രകാശനം ചെയ്തു

റാന്നി: മലങ്കര ഓർത്തഡോക്സ് സഭയിലെ ബഥനി ആശ്രമപ്രസ്ഥാനങ്ങളുടെ സ്ഥാപകനും, കൊല്ലം, ബാഹ്യകേരളഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്തയുമായിരുന്ന അലക്സിയോസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്തായുടെ പ്രഭാഷണങ്ങളും, ധ്യാനപ്രസംഗങ്ങളും ഉൾപ്പെടുത്തിയ ജീവചരിത്രഗ്രന്ഥം 1988 ഓഗസ്റ്റ് 6 ന് പ്രസിദ്ധീകരിച്ചു.

മലങ്കര ഓർത്തഡോക്സ് ഹെറാൾഡ് വാരിക ചീഫ് എഡിറ്റർ ഡോ.സാമുവേൽ ചന്ദനപ്പള്ളി എഴുതിയ പ്രസ്തുത കൃതി ബഥനി ആശ്രമം ആണ് പ്രസാധനം ചെയ്തിരിക്കുന്നത്.

## കുരിശുംതൊട്ടി: സഹായം ആവശ്യം

പോർട്ട്ബ്ലയർ: ആൻറമാൻസിൽ പോർട്ട്ബ്ലയർ പട്ടണത്തിൻെറ ഹൃദയഭാഗത്തു് പ: പരുമലതിരുമേനിയുടെ നാമത്തിൽ ഒരു കുരിശുംതൊട്ടി പണിയുവാൻ ആവശ്യമായ സ്ഥലം സർക്കാർ അനുവദിച്ചിരിക്കുന്നു. എന്നാൽ അതിൻെറ നിർമ്മാണത്തിനാവശ്യമായ ചിലവ് മുഴുവൻ വഹിക്കുവാൻ ഇടവകയ്ക്കു് സാമ്പത്തിക ബുദ്ധിമുട്ടുള്ളതിനാൽ ഉദാരമതികളായ സഭാ സ്നേഹികൾ സഹായം എത്തിച്ചുകൊടുക്കണമെന്നു് വികാരിയുടെ ഒരു അറിയിപ്പിൽ ആവശ്യപ്പെട്ടിരിക്കുന്നു. വിലാസം: വികാരി സെൻറ് മേരീസ് ഓർത്തഡോക്സ് ചർച്ച്, മോഹൻപുരാ, പോർട്ട്ബ്ലയർ 744 101.

## പരുമല കൊച്ചുതിരുമേനി

പരിശുദ്ധ പരുമല തിരുമേനിയെപ്പററി ആദ്യമായി പുറത്തിറങ്ങിയ ആധികാരിക ജീവചരിത്രഗ്രന്ഥം ഫാ. ഇ. ജെ. ഏബ്രഹാം തയ്യാറാക്കിയതു്. ഹെറാൾഡിൽ ഖണ്ഡശ്ശ പ്രസിദ്ധീകരിച്ച ഈ ഗ്രന്ഥം പുസ്തകരൂപത്തിൽ ഉടൻ പുറത്തുവരുന്നു

- 250–ൽപരം പേജുകൾ
- ബഹുവർണ്ണചിത്രപ്പരംതാൾ
- പരുമലയിലെ അനുദിന പ്രവർത്തനങ്ങളുടെ വിശദ വിവരണം
- അനേകരുടെ അനുഭവസാക്ഷ്യം ഉൾക്കൊള്ളുന്ന അനുബന്ധം
- ധ്യാനത്തിനും, കൂദാശാനുഷ്ഠാനങ്ങൾക്കുമെത്തുന്നവർക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ
- പരുമലയിൽ പ്രവർത്തിക്കുന്ന ഡിപ്പാർട്ടുമെൻറുകൾ തുടങ്ങി നിരവധി വിവരങ്ങളോട് കൂടിയതു്.

25 രൂപ നിർമ്മാണച്ചിലവു വരുന്ന ഈ ഗ്രന്ഥം വിശ്വാസികളുടെ സൗകര്യപ്രദമായ ഉപയോഗം ലക്ഷ്യമാക്കി 5 രൂപാ നിരക്കിൽ സൗജന്യമായി വിതരണം ചെയ്യുവാൻ ആഗ്രഹിക്കുന്നു.

അധികമായി വേണ്ടിവരുന്ന തുക ഭക്തജനങ്ങളിൽനിന്ന് സംഭാവനയായി ലഭിക്കേണ്ടിയിരിക്കുന്നു. സംഭാവന നല്കുന്നവരുടെ പേർവിവരം 'പരുമല തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ അഭയംപ്രാപിക്കുന്നവർ' എന്ന തലക്കെട്ടിൽ ഹെറാൾഡിൽ പ്രസിദ്ധീകരിക്കുന്നതാണ്. വിലാസം മാനേജർ; ഓർത്തഡോക്സ് ഹെറാൾഡ്; ദേവലോകം കോട്ടയം–686 038 അനുഭവസാക്ഷ്യങ്ങൾ അനുബന്ധമായി ചേർക്കണമെന്നാഗ്രഹിക്കുന്നവർ വിവരങ്ങൾ പൂർണ്ണ വിലാസസഹിതം വെള്ളപേപ്പറിൽ ഒരുവശത്തുമാത്രം വ്യക്തമായി എഴുതി ആഗസ്റ്റ് 30–ാം തീയതിക്കുകം ഓഫീസിൽ കിട്ടത്തക്കവണ്ണം അയച്ചുതരേണ്ടതാണ്.

## നോമിനേററു ചെയ്തു

ശാസ്താംകോട്ട: മാർ തേവോദോസ്യോസ് മെഡിക്കൽ മിഷൻ ആശുപത്രിയുടെ ഗവേർണിംഗ് ബോർഡ് മെംബറായും, അടൂർ സെൻറ് സിറിൽസ് കോളജ് ബർസാറായും, ജോർജ്ജുസഖറിയ കോർ എപ്പിസ്ക്കോപ്പായെ പ: ബാവാതിരുമനസുകൊണ്ട് നോമിനേററു ചെയ്തു.



റവ. ഫാ; ജോർജ്ജ് സഖ

## പനയംപാലപള്ളി ശിലാസ്ഥാപനം

കറുകച്ചാൽ: 63 വർഷം പഴക്കമുള്ള പനയംപാല വടക്ക് സെൻറ്മേരീസ് ഓർത്തഡോക്സ് പള്ളി പുതുക്കിപ്പണിയുന്നതിൻെറ ശിലാസ്ഥാപനം ഓഗസ്റ്റ് 14–ാം തീയതി ഞായറാഴ്ച 11 മണിക്ക് പ. കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് നിർവ്വഹിക്കുന്നതാണ്. 8 ലക്ഷം രൂപയാണ് അതിൻെറ ചിലവ് പ്രതീക്ഷിക്കുന്നതു്. ശിലാസ്ഥാപനത്തെ തുടർന്ന് ചേരുന്ന പൊതുയോഗത്തിൽ പ. കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് അദ്ധ്യക്ഷത വഹിക്കുന്നതും ഉമ്മൻചാണ്ടി എം. എൽ. എ. കാനം രാജേന്ദ്രൻ എം. എൽ. എ. കറുകച്ചാൽ പഞ്ചായത്തു പ്രസിഡൻറ് എം. ചന്ദ്രശേഖരക്കുറുപ്പ് തുടങ്ങിയവർ ആശംസാപ്രസംഗം നടത്തുന്നതുമാണ് ദേവാലയ ഫണ്ടിൻെറ ഉദ്ഘാടനകർമ്മം അഭിവന്ദ്യ ഒസ്താത്തിയോസ് തിരുമേനി ഫിനാൻസ് കൺവീനറെ ഒരു തുക ഏല്പി

മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

വാല്യം 5 1988 ആഗസ്റ്റ് 5 ലക്കം 24

# വിശ്വാസമെന്ന വഴികാട്ടി

ആപത്ഘട്ടങ്ങളിൽ അനിതരസാധാരണമായ ധൈര്യം കാട്ടി, തങ്ങളുടെ ജീവൻപോലും തൃണവൽഗണിച്ച് അന്യരുടെ ജീവൻ രക്ഷിക്കാൻ ഒരുമ്പെടുന്നവർക്ക് ധീരതയ്ക്കുള്ള അംഗീകാരത്തിന്റെ അവാർഡു നൽകുന്ന രീതി നമ്മുടെ നാട്ടിലുമുണ്ട്. അവർ കുറെനേരത്തേക്കെങ്കിലും 'എനിക്കു ജീവിക്കണം' എന്ന മൗലികവും സഹജവും, മനുഷ്യർ ന്യായീകരിക്കുന്നതുമായ ചിന്ത മറന്ന് മാററിവച്ച് ശ്രേഷ്ഠമായ ഒരുദ്ദേശ്യത്തിനുവേണ്ടി ആത്മബലി നടത്തുവാൻ തുനിയുന്നു. ഇതിനെയാണ് മററുള്ളവർ ആചരിച്ച് പുകഴ്ത്തുന്നത്. ഇന്നും ഇത്തരം സന്ദർഭങ്ങളും ധീരതാപ്രകടനവും നടക്കുന്നുവെന്നത്, മനുഷ്യസമുദായത്തിൽ നിന്നും കരുണയുടെയും നിസ്വാർത്ഥയിൽ നിന്നുണ്ടാകുന്ന ആത്മത്യാഗത്തിന്റെയും ഉറവകൾ വററിപ്പോയിട്ടില്ല എന്നതിന്റെ തെളിവാണ്. വെള്ളത്തിൽ വീണ്, നീന്താനറിയാതെ മുങ്ങിത്താഴാൻ തുടങ്ങുന്ന ആളുകളെ രക്ഷിച്ചു കര കയററാൻ എടുത്തുചാടുന്ന മനുഷ്യസ്നേഹിക്ക് അപ്പോൾ ഒരേ ഒരു വിചാരം മാത്രമുണ്ടാവും—എങ്ങനെയെങ്കിലും കഴിയുന്നത്രപേരെ കരയിലെത്തിക്കുക. ഇതല്ലാതെ തനിക്കു വല്ല അപകടവും നഷ്ടവും ഭവിക്കുമോ എന്ന ചിന്ത അയാളെ ലേശവും ബാധിക്കുന്നില്ല. ആ ചിന്തയ്ക്കു മുൻതൂക്കം വന്നാൽ അയാൾ വെള്ളത്തിലേക്ക് എടുത്തുചാടുകയില്ലതന്നെ.

ദൈവം നമ്മിൽ നിന്നാവശ്യപ്പെടുന്നത്. പരിപൂർണ്ണ സമർപ്പണമാണ്. ലാഭനഷ്ടങ്ങളെക്കുറിച്ചുള്ള ആശങ്കകൂടാതെ പറഞ്ഞ വാക്കു വിശ്വസിച്ച് ആത്മസമർപ്പണം നടത്താനാണ് അവിടുന്ന് ആജ്ഞാപിക്കുന്നത്. അതു് നിർവ്വഹിക്കേണ്ടതെങ്ങനെയെന്ന് താൻതന്നെ കാട്ടിത്തരികയും ചെയ്തു. ദൈവം മനുഷ്യന്റെ ഉൽക്കർഷത്തിനും ആശ്വാസത്തിനും, വീണ്ടെടുപ്പിനും വേണ്ടി തന്നെത്തന്നെ ബലിയായി സമർപ്പിച്ചു. യേശുനാഥൻ മരണത്തോളം വേദനയേൽക്കുന്നതിൽ ഒട്ടും മടികാണിച്ചില്ല. ആത്മസമർപ്പണം നടത്തുന്നതിനാണ് അവിടുന്നു മനുഷ്യനായി വന്നത്. ബലിയായിത്തീരാൻ. അതായിരുന്നു തന്റെ ആ

## ധ്യാനപീഠം

നന്ദം. പിതാവിന്റെ ഇഷ്ടമായിരുന്നു അത്. അതു പൂർത്തീകരിക്കുന്നതാണ് തന്റെ ആഹാരം എന്ന് അദ്ദേഹം പ്രസ്താവിച്ചു. മനുഷ്യരുടെ ആവശ്യങ്ങളെയും, രോഗങ്ങളെയും, വേദനയേയും മരണത്തെയും യേശുമശിഹ ഏററുവാങ്ങിയിരിക്കുന്നു. ഇനി നമ്മുടെ ആവശ്യങ്ങൾ തന്റെ ആവശ്യങ്ങളാണ്; നമ്മുടെ വേദനകൾ തന്റെ വേദനയാണ്. മരണത്തിലും ജീവിതത്തിലും താൻ നമ്മോടൊപ്പമുണ്ട്.

മനുഷ്യന്റെ ആവശ്യങ്ങൾക്കുമുമ്പിൽ ഓരോരുത്തരെയും സമീപിക്കാൻ അവിടുന്ന് ആവശ്യപ്പെടുന്നു. ആദ്യമായി താൻതന്നെ മനുഷ്യനുവേണ്ടി തന്നെത്തന്നെ സമർപ്പിച്ചു. ആരും തൻകാര്യം തേടി. 'എനിക്ക് എങ്ങനെയും ജീവിക്കണം.' എന്നു ചിന്തിക്കാതെ, തന്നെത്താൻ ത്യജിച്ച്, അതുവഴി ജീവിതത്തിന്റെ അർത്ഥവും, ആവേശവും, സൗന്ദര്യവും കണ്ടെത്താൻ അവിടുന്നു ക്ഷണിക്കുന്നു. യേശു വിളിക്കുമ്പോൾ, ലാഭനഷ്ടങ്ങൾ കണക്കാക്കാൻ മിനക്കെടാതെ, അവന്റെ വാക്കുകേട്ട്, അവനുവേണ്ടി ത്യാഗപൂർണ്ണമായ നിസ്വാർത്ഥതയോടെ പ്രവർത്തിക്കാൻ നാമും തയ്യാറാകുമോ? തമ്മിൽ പലരും സ്നേഹബന്ധങ്ങളിലും, ആത്മീയതയിൽപോലും ലാഭനഷ്ടങ്ങളുടെ കണക്കുകൂട്ടുന്നവരല്ലേ?

വെളിച്ചമുള്ളിടത്തോളം നമുക്കു പ്രവർത്തിക്കാം. എത്ര നാൾ അവസരങ്ങൾ ലഭിക്കും എന്ന് ആർക്കും അറിയില്ല. യേശുവിന്റെ വാക്കുകേട്ട്, തങ്ങൾ 'വിലപിടിപ്പുള്ള'വയാണെന്നു കരുതിയിരുന്ന ജീവിതസുഖങ്ങളെ വലിച്ചെറിഞ്ഞ് ആത്മത്യാഗത്തിനൊരുങ്ങുന്നവരാണ് യേശുവിന്റെ പടയാളികൾ. അപ്പോസ്തലന്മാരും, പരിശുദ്ധന്മാരും, സഹദേന്മാരും അതിന്റെ ദൃഷ്ടാന്തങ്ങളാണ്. തൊട്ടു പിന്നിലെ തലമുറയിൽ ഫാ. ഡാമിയാൻ, ഗാന്ധി, പരുമല തിരുമേനി തുടങ്ങിയവരും, ഇന്നത്തെ തലമുറയിൽ മദർ തെരേസ, ബാബ ആംതേ ആദിയായവരും.

**പ്രാർത്ഥന:** ലോകത്തിന്റെ വിളികേട്ട്, സുഖജീവിതം സ്വപ്നംകണ്ട് യേശുനാഥന്റെ വിളിയെ ഞാൻ ഗണ്യമാക്കിയില്ല. യേശു നീ വീണ്ടും എന്നെ വിളിക്കുന്നു. എന്നെത്തന്നെ ത്യജിച്ച് നിന്നെ പിന്തുടർന്ന് അനുകരിക്കാനുള്ള വിളി എന്നിൽ പുതിയ തീരുമാനങ്ങളുണർത്തി. എന്നെ ഒരു പുതിയ മനുഷ്യനാക്കട്ടെ!

**ചിന്താവിഷയം:** 1 യോഹ 4:50 ''യേശു പറഞ്ഞ വാക്കു വിശ്വസിച്ച് ആ മനുഷ്യൻ പോയി''

ഫാ. ജേക്കബ് ചെറിയാൻ

# പത്രാധിപർക്കുള്ള കത്തുകൾ

## മദ്ധ്യസ്ഥ പ്രാർത്ഥനാ ലീഗ്

ഈ ഇരുപതാംനൂററാണ്ടിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കഷ്ടത അനുഭവിക്കുന്നവർക്കുവേണ്ടി ദൈവത്തോടു നിരന്തരം പ്രാർത്ഥന നടത്തപ്പെടത്തക്കവണ്ണം ഒരു പ്രാർത്ഥനാഗോപുരം മദ്രാസിൽ പ്രവർത്തിക്കുന്നതായി അറിയാം.

ലോകത്തിന്റെ ഏതു ഭാഗങ്ങളിൽനിന്നും പ്രാർത്ഥനാപേക്ഷകൾ സ്വീകരിപ്പാൻ ടെലിഫോൺ സംവിധാനവും, നവീന വാർത്താവിനിമയ മാദ്ധ്യമം ആയ ടെലക്സ് സംവിധാനവും തികഞ്ഞ ആത്മാർത്ഥതയോടുകൂടെ പ്രാർത്ഥിപ്പാനുമായി 24 മണിക്കൂർ നേരവും പ്രവർത്തിക്കുന്ന പ്രാർത്ഥനാപടയാളികളും മദ്രാസിലെ പ്രാർത്ഥനാഗോപുരത്തിലുണ്ട്. ഏതെങ്കിലും സന്ദർഭത്തിൽ ആർക്കും അത്യാവശ്യമായ പ്രാർത്ഥനാസഹായം മദ്രാസ്സിലെ പ്രാർത്ഥനാഗോപുരത്തിൽനിന്നും ലഭിച്ചുകൊണ്ടിരിക്കുന്നു.

പ്രാർത്ഥനകൾ വലിയ ദേവാലയങ്ങളിലോ ഓലമേഞ്ഞ ചെററക്കുടിലുകളിലോ.. എവിടെനിന്ന് ഉയർന്നാലും ശരി, മനുഷ്യഹൃദയങ്ങളിൽനിന്നും ആത്മാർത്ഥതയോടുള്ളതാണെങ്കിൽ നിശ്ചയമായും ഉത്തരം ലഭിക്കുമല്ലൊ.!

വർഷങ്ങൾക്കുമുമ്പെ ബ. പരേതർ ആയ മങ്ങാട്ട് അമ്പിളിൽ അലക്സാണ്ടർ അച്ചൻ-അങ്കമാലി-മദ്ധ്യസ്ഥ പ്രാർത്ഥന ലീഗ് തപാൽ മാർഗ്ഗം നടത്തിയിരുന്നു.

ഇന്ന് ഇൻഡ്യൻ ഓർത്തഡോക്സ് സുറിയാനിസഭയിൽ പ. അന്തോണിയോസിന്റെ മാതൃകയിൽ, ധാരാളം റമ്പാൻമാർ ഉണ്ടല്ലൊ! ദയാറകളുടെ എണ്ണവും കുറവല്ല.

ആയതിനാൽ പ. സഭയുടെ വകയായി 24 മണിക്കൂറും തുടർച്ചയായി പ്രാർത്ഥിക്കുവാനും പ്രാർത്ഥനാപേക്ഷകൾ സ്വീകരിപ്പാനുമുള്ള ഒരു സംവിധാനം-പ്രാർത്ഥനാഗോപുരം ഉണ്ടാക്കുവാൻ സാധിക്കുകയില്ലെ!

പി. സി. ചെറിയാൻ
ആശാരിയേത്ത് രാജാഹറാം

## ഓർത്തഡോക്സ് ആരാധന ഇതോ!!

ലോകത്തിലേററവും ശ്രേഷ്ഠമായ ആരാധനാരീതി ഓർത്തഡോക്സ് സഭയുടേതാണെന്ന് ഞാൻ മനസ്സിലാക്കുന്നു...

പരിശുദ്ധനായ പരുമല തിരുമേനിയുടെ വി. കബറിടത്തിൽ പരിശുദ്ധന്റെ മദ്ധ്യസ്ഥതയ്ക്കായി നേർച്ച കാഴ്ചയുമായി എത്തുന്ന നാനാജാതി മതസ്ഥരെയും സ്വാഗതം ചെയ്യുവാൻ പരുമലപ്പള്ളിയിലെ ആരാധനാസംവിധാനത്തിനു കഴിയുന്നില്ല എന്നു പറയേണ്ടിവരുന്നതിൽ ഖേദമുണ്ട്.

പരുമലപ്പള്ളിയിലെ ആരാധനാരീതി, വി. കുർബാന.... ഇന്നത്തെ സ്ഥിതി വളരെ ദയനീയമാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുമെത്തുന്നവർ പല രീതിയിൽ പ്രതിവാക്യം പറയുന്നു. പല രീതിയിൽ ഗാനമാലപിക്കുന്നു. ആരാധനയുടെ താളം നഷ്ടപ്പെടുന്നു. അരോചകത്വം അനുഭവിക്കേണ്ടിവരുന്നു.

നമ്മുടെ ആരാധനയിൽ സംഗീതം നിറഞ്ഞുനിൽക്കുന്നു... സംഗീതം ഒരു അനുഗ്രഹമാണ്...ഒരേ രീതിയിൽ പാടണം...മദ്ബഹായിൽ ഉള്ളവരും ഹൈക്കലായിൽഉള്ളവരും ഒരേ രീതിയിൽ പാടിയെങ്കിൽ മാത്രമേ അതു കേൾക്കുവാൻ ഇമ്പകരമാകുകയുള്ളു....

അല്ലെങ്കിൽ അതു് കഠോരമായിപോകും....ഇതാണ് പരുമലയിലെ ഇന്നത്തെ സ്ഥിതി.

. നാനാജാതി മതസ്ഥർ ലോകത്തിലെ എല്ലാ ഭാഗത്തുനിന്നും എത്തിച്ചേരുന്ന പരുമലയിലെ ആരാധന ഇങ്ങനെ നിശിതമായി വിമർശിക്കപ്പെടണമോ? ഇതു് ഓർത്തഡോക്സ് സമുദായത്തിനാകെ ക്ഷീണം തട്ടിപ്പിക്കുന്ന ഒരു വസ്തുതയാണ്. ഈ സ്ഥിതി മാറണം. സഭാനേതൃത്വം ഇതിന് ശ്രദ്ധേയമായ കാര്യങ്ങൾ ചെയ്യേണ്ടിയിരിക്കുന്നു ...ആരാധനയുടെ നഷ്ടപ്പെട്ട മഹത്വം വീണ്ടെടുക്കണം.

പരുമലയിലെ വി. കുർബാനയ്ക്ക് നേതൃത്വം നൽകുവാൻ ഉള്ള നേതൃത്വനിരയുടെ കുറവാണ് അവിടെ കാണുന്നത്. അതിനാൽ വി. കുർബാനയ്ക്ക് നേതൃത്വം നൽകുവാൻ സെമിനാരി വിദ്യാഭ്യാസം പൂർത്തിയാകുന്ന രണ്ട് ശെമ്മാശ്ശൻമാരെവീതം (ശബ്ദമാധുര്യമുള്ള) വർഷംതോറും പരുമലയിൽ നിയമിച്ച് ... ആരാധനയുടെ മഹത്വം വീണ്ടെടുക്കണം...അതിനുവേണ്ടി പ്രാർത്ഥിക്കുന്നു. പരുമല തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുന്നു ...

മൻവർ

## ചെറുകഥകൾ കൂടി വേണം

ഹെറാൾഡ് കയ്യിൽ കിട്ടിയാൽ ആദ്യം വായിക്കുന്നതു് ഫാദർ ജേക്കബ് ചെറിയാൻ എഴുതുന്ന 'ധ്യാനപീഠം' ആണ്. ലക്ഷ്യം തെററി ഉഴലുന്ന ആധുനിക തലമുറയ്ക്ക് സദ്ലക്ഷ്യത്തിന്റെ വെളിച്ചം പകരാൻ ഉപയുക്തമായ സൂക്തങ്ങളാണവ.

ജേക്കബ് കണ്ണന്താനത്തിന്റെ 'വഴിയറിയാതെ' എന്ന നോവൽ ഉജ്ജ്വലമായിരുന്നു.

ഓരോ മനുഷ്യന്റേയും മുഖംമൂടി ചീന്തിയെറിഞ്ഞ് അവന്റെ ഉള്ളിന്റെ ഉള്ളിനെ തുറന്നുകാട്ടുന്ന നോവൽ ഭാവഗംഭീരമായിരുന്നു. കൂടാതെ 'ക്രിസ്താനുകരണം' വളരെയേറെ വിജ്ഞാനം പകർന്നുതരുന്നതാണ്. ചെറുകഥകൾകൂടി പ്രസിദ്ധീകരിച്ചിരുന്നെങ്കിൽ നന്നായിരുന്നു.

ജോൺ ഫിലിപ്പ്
മഞ്ഞാടി

## അഭിനന്ദനങ്ങൾ

ഹെറാൾഡിൽ പ്രസിദ്ധീകരിച്ച 'വഴിയറിയാതെ' എന്ന നോവൽ വളരെ മനോഹരമായിരുന്നു. സൗഭാഗ്യങ്ങൾ നേടുമ്പോൾ സ്വന്തം അടിത്തറ മറക്കുന്ന സ്വാർത്ഥമനുഷ്യരുടെ കഥ ഭംഗിയായി അവതരിപ്പിക്കാൻ കഴിഞ്ഞതിൽ നോവലിസ്റ്റിനെ പ്രത്യേകം അഭിനന്ദിക്കുന്നു. ഒപ്പം നോവൽ പ്രസിദ്ധീകരിച്ച ഹെറാൾഡിനേയും.

മലങ്കര അസോസിയേഷനും, മെത്രാൻതിരഞ്ഞെടുപ്പും എന്ന വിഷയത്തെപ്പററിയുള്ള ചർച്ച വളരെപ്രയോജനം ചെയ്തു. പുതിയ പല കാര്യങ്ങളും വെളിച്ചത്തു കൊണ്ടുവരുവാൻ അതു മൂലം സാധിച്ചു. അണിയറശില്പികൾക്ക് അഭിനന്ദനങ്ങൾ.

സിബി മാത്യു പാമ്പാടി.

## പ്രചരണം പാടില്ല

മലങ്കര ഓർത്തഡോക്സ് ഹെറാൾഡിൽ ചർച്ചാവേദിയിലെ 'മെത്രാൻ തിരഞ്ഞെടുപ്പ് ചില നിർദേശങ്ങൾ' എന്ന ചർച്ച വളരെ നിലവാരം പുലർത്തിയിരുന്നു.

വി. ബൈബിൾ പരിശോധിക്കുമ്പോൾ താഴെ പറയുന്ന രീതിയിൽ ഒരു വാക്യം ഉണ്ട്. 'എന്നാൽ അഹറോനെപ്പോലെ ദൈവം വിളിക്കുന്നവനല്ലാതെ ആരും ആ സ്ഥാനം സ്വതവേ എടുക്കുന്നില്ല. [എബ്രയാർ 5:4]

എന്നാൽ പലരും ഈ വാക്യത്തെ കടത്തിവെട്ടാൻ ശ്രമിക്കുകയും അസോസിയേഷൻ അവർക്കു കൊടുത്ത ഫലംകൊണ്ട് തൃപ്തിപ്പെടുകയും ചെയ്യേണ്ടിവന്നു. മെത്രാൻ തെരഞ്ഞെടുപ്പിൽ സ്വയം സ്ഥാനാർത്ഥിയായി നിൽക്കാനുള്ള പ്രവണത പാടില്ലയെന്ന ലേഖകന്റെ അഭിപ്രായത്തോട് യോജിക്കാതിരിക്കാൻ തരമില്ല. വസ്തുനിഷ്ഠമായി കാര്യങ്ങൾ എഴുതാൻ ശ്രമിച്ച എല്ലാ ലേഖകന്മാർക്കും അതിന് സൗകര്യമുണ്ടാക്കിക്കൊടുത്ത ഹെറാൾഡിനും അഭിനന്ദനങ്ങളുടെ പൂച്ചെണ്ടുകൾ സവിനയം അർപ്പിക്കുന്നു.

ബിജുമാത്യു, എലിക്കോട്ട്

നോവൽ

# പുതിയ പുലരികൾ തേടി

അന്തിനാട്ട് ജോസ്

## അദ്ധ്യായം അഞ്ച്

രാത്രി നല്ല നിലാവുണ്ടായിരുന്നു. നിലാവും മഞ്ഞും ഒന്നുപോലെ പൊഴിഞ്ഞുവീഴുന്നു. അകലെ ഏതോ മരക്കൊമ്പിലിരുന്ന് ഒരു രാപ്പാടിമാത്രം ചിലച്ചുകൊണ്ടിരുന്നു. അകലെ ഉയർന്നുനിൽക്കുന്ന കരിനീലമലകളിൽ എവിടെയോ പുൽമേടുകാംക്ക തീ വീണിരിക്കുന്നു.

പ്രപഞ്ചം മുഴുവനും കനത്ത നിദ്രയിൽ അമർന്നിരിക്കുന്നു.

ലോകത്തിലെ സർവചരാചരങ്ങളും ഉറങ്ങുകയാണ്.

കറിയാച്ചനു മാത്രം ഉറക്കം വന്നില്ല. എത്ര ശ്രമിച്ചിട്ടും നിദ്ര കൺപോളകളെ തലോടുന്നില്ല. അകലെ മാറിനിന്ന് ഉറക്കം തന്നെ പരിഹസിക്കുന്നതുപോലെ തോന്നുന്നു. കണ്ണുകാം അടച്ചുകിടന്നു. എന്നിട്ടും ഫലമില്ല.

'അങ്ങനെ ഏതാണ്ട് ഒരു മണിക്കൂർ കൂടി കടന്നുപോയി. എവിടെനിന്നോ അസ്വസ്ഥതയുടെ ഒരു മായാവലയം തനിക്കു ചുറ്റും വൃത്തമായി നിലകൊള്ളുന്നതായി അയാംക്കു തോന്നി.

ജീവിതത്തിൽ ഇതിനുമുമ്പൊരിക്കലും ഇത്രയും നിദ്രാവിഹീനമായ ഒരു രാത്രി സംജാതമായിട്ടില്ല. ഇതിനുമുമ്പും തനിക്ക് പല പ്രശ്നങ്ങളും ഉണ്ടായിട്ടുണ്ട്. അന്നൊന്നും താൻ ഉറങ്ങാതിരുന്നിട്ടില്ല.

കറിയാച്ചൻ എല്ലാം ഓർക്കുകയായിരുന്നു. ഇത്തരം ഒരു അഗ്നി പരീക്ഷണം താൻ സ്വപ്നത്തിൽപോലും കരുതിയിരുന്നില്ല. കേവലം അഞ്ചു വയസ്സു മാത്രമുള്ളപ്പോം ഒരു നിസ്സാര കാര്യത്തിന് നാടുവിട്ടവനാണ്. പിന്നീട് അവനെക്കുറിച്ച് യാതൊരു വിവരവുമില്ലായിരുന്നു. പല സ്ഥലത്തും പലരും തിരക്കിയെങ്കിലും അവനെ കണ്ടെത്താൻ കഴിഞ്ഞില്ല.

പിന്നെ വർഷങ്ങാംതന്നെ കടന്നുപോയി. അവനെക്കുറിച്ച് ആർക്കും ഒരു വിവരവും ലഭിച്ചില്ല. ഒരുപക്ഷേ അവൻ എവിടെങ്കിലും ജീവിച്ചിരിപ്പുണ്ടാകുമെന്നും, അതല്ല ഏതെങ്കിലും അപകടത്തിൽപെട്ട് അവൻ മരിച്ചിരിക്കുമെന്നും ആളുകാം അന്യോന്യം വിധിയെഴുതി.

ഇന്നിതാ തന്റെ എല്ലാ കണക്കുകൂട്ടലുകളും മറികടന്നുകൊണ്ട് അവൻ കടന്നുവന്നിരിക്കുന്നു. എത്ര പെട്ടെന്നാണ് അവൻ തന്റെ വസതിയിലേക്ക് ഒരു കൊടുങ്കാററുപോലെ വന്നത്.

ആദ്യമൊന്നും ഇതൊരു യാഥാർത്ഥ്യമാണെന്ന് വിശ്വസിക്കാൻപോലും കഴിഞ്ഞില്ല. സ്വന്തം കണ്ണുകളെപ്പോലും അവിശ്വസിച്ചുപോയി. ചെറുപ്പത്തിൽഅവനുണ്ടായിരുന്ന മുഖകാന്തിയില്ല. അവൻ തന്റെ ഭാര്യയേയും കുട്ടിക്കൊണ്ടുവന്നിരിക്കുന്നു!

ആരെങ്കിലും അറിഞ്ഞാൽ തന്റെ വിലയും നിലയും അതൊരു ക്ഷീണമായിരിക്കും. തനിക്കിന്ന് സമൂഹത്തിൽ നല്ല ഒരു നിലയും വിലയും ഉണ്ട്. അങ്ങനെ ഒരു വ്യക്തിയുടെ മകനെന്നും പറഞ്ഞ് ഒരുത്തൻ തെണ്ടിത്തിരിഞ്ഞുവന്നാൽ അതിന്റെ ക്ഷീണം തനിക്കല്ലേ!

തന്നെയുമല്ല ജയ്സൺ വിവാഹം കഴിച്ചിരിക്കുന്നത് വലിയൊരു പണക്കാരന്റെ മകളെയാണ്. അവർ ലക്ഷങ്ങാം സ്ത്രീധനമായിത്തന്നിരിക്കുന്നു.

അങ്ങനെയുള്ള ഒരുവളോടൊപ്പം എങ്ങനെ വിൽസന്റെ ഭാര്യയെ താമസിപ്പിക്കും? ബംഗ്ലാവ് സ്ഥിതിചെയ്യുന്ന സ്ഥലമല്ലാതെ മറെറാന്നും തന്റെപേരിലില്ല. ബാക്കിയുള്ള സ്വത്തെല്ലാം ജയ്സന്റെ പേരിലാണ്. അതൊന്നും അവൻ ഒരിക്കലും തന്റെ ജ്യേഷ്ഠനു തിരിച്ചുനൽകില്ല.

പിന്നെങ്ങനെ അവനെ താൻ സ്വീകരിക്കും? ചെറുപ്പം മുതലേ തന്നോട് എല്ലാ കാര്യത്തിലും സഹകരിച്ച ജയ്സനെ തനിക്കു മറക്കാനാവില്ല. അവന്റെകൂടി അഭിപ്രായമറിയാതെ തനിക്കൊന്നും പ്രവർത്തിക്കാൻ സാധിക്കില്ല.

കറിയാച്ചൻ ബംഗ്ലാവിനു മുററത്തുകൂടി കൈയും പിന്നിൽ കെട്ടി അസ്വസ്ഥനായി ഉലാത്തിക്കൊണ്ടിരുന്നു. നേരം പാതിരായോട് അടുത്തിരിക്കുന്നു.

എവിടെയോനിന്നും ഒരു മൂങ്ങാമാത്രം നിർത്താതെ കൂവിക്കൊണ്ടിരിക്കുന്നു.

ഇനിയെന്തു ചെയ്യുമെന്ന ചിന്ത കറിയാച്ചന്റെ ജീവിതത്തിലെ സർവ്വ സ്വസ്ഥതയും തകർത്തിരിക്കുന്നു. ഇത്രയും നാം ജീവിതത്തിന് എന്തു സ്വസ്ഥതയും സന്തോഷവുമുണ്ടായിരുന്നു. എത്ര ആനന്ദകരങ്ങളായ രാപ്പകലുകളായിരുന്നു തന്റെ ജീവിതത്തിൽനിന്നും അടർന്നുവീണുകൊണ്ടിരുന്നത്.

ഇന്നിതാ എല്ലാം തകർന്നിരിക്കുന്നു.

ഇനി എന്നെങ്കിലും സമാധാനത്തോടെ തനിക്ക് ജീവിക്കാനാവുമോ?

അവൻ ഇനിയും ഒരുപക്ഷേ ഈ പടികടന്നുവന്നാൽ എന്തു ചെയ്യും? അവൻ തന്റെ ഓഹരി ചോദിച്ചാൽ എവിടെനിന്ന് എടുത്തു കൊടുക്കും? അതിനൊന്നും ഇനി ജയ്സൺസമ്മതിക്കില്ല. ഇനി അവൻ മാത്രം സമ്മതിച്ചാൽ പോരല്ലൊ. അവന്റെ ഭാര്യയും സമ്മതിക്കേണ്ടേ?

വിൽസൺ മററാരെയെങ്കിലും കൂട്ടി ആക്രമത്തിനെങ്ങാൻ മുതിരുമോ? അവനും ഭാര്യയും കൂടി തന്റെ ബംഗ്ലാവിനു മുമ്പിൽ സത്യാഗ്രഹമിരുന്നാൽ അതിന്റെ കുറച്ചിലും തനിക്കല്ലേ?

ചിന്തിച്ചിട്ട് ഒരെത്തും പിടിയും കിട്ടുന്നില്ല.

അയാം വീണ്ടും തിരിച്ചുവന്നു കിടന്നു.

അങ്ങനെ എപ്പോഴോ കറിയാച്ചൻ നിദ്രയിലേക്കു മയങ്ങിവീണു.

പക്ഷേ അപ്പോഴും തെല്ലും ഉറങ്ങാതെ ഒരാം മാത്രം വിൽസനെ ഓർത്ത് നിശ്ശബ്ദമായി കണ്ണീരൊഴുക്കുന്നുണ്ടായിരുന്നു. ചേച്ചമ്മ! ആ മാതൃഹൃദയത്തിൽ ഒരായിരം തുടിതാളങ്ങാം ഒന്നിച്ചു മിന്നിപ്പൊലിയുകയായിരുന്നു.

വിൽസൺ ഒരിക്കലും തിരിച്ചെത്തുമെന്ന് കരുതിയിരുന്നില്ല. അവനെ കണ്ടപ്പോം മുതൽ ഹൃദയം സന്തോഷാതിരേകത്താൽ തുടിച്ചുകൊണ്ടിരുന്നു.

അവനെ ഒരു കൊച്ചുകുഞ്ഞിനെ എന്നപോലെ സ്വീകരിച്ചു. അവന്റെ സ്നേഹം ഒരു അമൃതുമലയായി തന്റെമേൽ വീഴുന്നത് ആദ്യമായി ചേച്ചമ്മ അറിഞ്ഞു. അവർക്ക് അന്നെ കണ്ടുമുട്ടിയപ്പോം എന്തെന്നില്ലാത്ത ആനന്ദം തോന്നിയിരുന്നു. പക്ഷേ കറിയാച്ചൻ ഒരിക്കലും ഇത്തരത്തിൽ അവനോടു പെരുമാറുമെന്ന് ചേച്ചമ്മ കരുതിയിരുന്നില്ല.

(തുടരും)

## ബൻസുവാഡാ പള്ളി കൂദാശചെയ്തു

രാജസ്ഥാൻ: ബാൻസുവാഡായിൽ വി: മാർത്തോമാ ശ്ളീഹായുടെ നാമത്തിൽ പുതുതായി പണികഴിപ്പിച്ച ഓർത്തഡോക്സ് ദേവാലയത്തിന്റെ കൂദാശ ഡോ: പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ ജൂലൈ 10-ന് നിർവ്വഹിച്ചു.

കൂദാശാനന്തരം അഭിവന്ദ്യ തിരുമനസിലെ അദ്ധ്യക്ഷതയിൽചേർന്ന പൊതുസമ്മേളനത്തിൽ കെ. ഐ. തോമസ് പ്രസംഗിച്ചു. ഇടവക വികാരി ഫാ: ഫിലിപ്പോസ് ഫിലിപ്പ് സ്വാഗതവും, വി. ജി. ജോൺ കൃതജ്ഞതയും പറഞ്ഞു.

രാജസ്ഥാന്റെ വിവിധ ഭാഗങ്ങളിൽനിന്ന് ധാരാളം ആളുകാം കൂദാശയിലും മററു ചടങ്ങുകളിലും സംബന്ധിച്ചു.

കവിത

## സായൂജ്യമടയുവാൻ

കഷ്ടതയേറീടുമ്പോം
നിരാശ തേടാതെയും,
കഷ്ടമെന്നുരച്ചുള്ളി–
ലൽത്തുതപ്പെടാതെയും,
ദിനവും സന്തോഷിച്ച
സാദരം സമർപ്പിക്കും
ദൈവത്തിൻ മക്കാംക്കുള്ള
ദിവ്യമാം സ്വഭാവമാ.
ക്രിസ്തുവിൻ കഷ്ടങ്ങളിൽ
പങ്കു വഹിക്കും തോറും
ക്രിസ്തുവിൻ തേജസ്സിനാൽ
മിന്നിടും മുഖാബ്ജം.
കള്ളനായ്, കാപാലനായ്
ദുഷ്ടനായ് ദുർമ്മാർഗ്ഗിയായ്,
കൊള്ളരുതാത്തോനായി
കഷ്ടത സഹിക്കുകിൽ
കാര്യവുമില്ലായൊന്നും
നിശ്ചയം ശിക്ഷാധീനൻ;
കാമ്യമാം ഫലം തന്നെ–
ഏററു വാങ്ങീടുന്നല്ലോ
ക്രിസ്തുവിന്നനുകാരി–
യായിട്ടു സഹിക്കുവിൻ;
ക്രിസ്തുവിൽ കുറഞ്ഞുള്ള
കഷ്ടത സഹജരേ.
നന്മയെ ചെയ്തിട്ടു നമ്മാം
തിന്മയെ സ്വീകരിച്ചാൽ
നന്മയിൽ രസിച്ചീടും
നാഥനെ വരിച്ചീടാം.
തിന്മയാം ജീവിതത്തിൻ
പാതയിൽ പാദമൂന്നി
നിത്യവും ചരിക്കുന്ന
ജീവിതം മതിയാക്കൂ.
സുബോധമുള്ളോരായി
കരുണാനിധി തന്നിൽ
സർവ്വവും സമർപ്പിച്ചു
സായൂജ്യമടഞ്ഞിടാം.

വറുഗീസ് കിഴക്കെമുറി

# ഇമാം സുവാർത്താ മിഷൻ

ക്രിസ്തുയേശുവിനെ കർത്താവും രക്ഷിതാവുമായി സ്വന്തജീവിതത്തിൽ അനുഭവിച്ചറിഞ്ഞ 8 മുസ്ലീം യുവാക്കൾ കർത്താവിനോട് പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ മുസ്ലീം പള്ളി ഭാരവാഹികളുടെ കുതന്ത്രഫലമായി പോലീസിനാൽ അറസ്റ്റ് ചെയ്യപ്പെടുകയും, 3 ദിവസം ലോക്കപ്പിൽ കിടക്കുകയും ചെയ്യേണ്ടിവന്നു. അവിടെ അവർ പോലീസിന്റെ മർദ്ദനമേററു പുളയുമ്പോൾ ഒരുമനപ്പെട്ട് കണ്ണുനീരോടെ പ്രാർത്ഥിച്ച് ഒരു തീരുമാനമെടുത്തു. യേശുവിനെ സ്വന്തജനത്തോടും, ക്രിസ്തുവിനെ അറിയാത്തവരും അനുഭവിക്കാത്തവരുമായ പ്രിയപ്പെട്ടവരോടും സ്വാനുഭവങ്ങളോടെ വിളിച്ചറിയിക്കുക എന്ന്. അതിന്റെ ഫലമായാണ് ഇമാം സുവാർത്താ മിഷൻ രൂപംകൊണ്ടത്.

അറബി ഭാഷയിൽ സാധാരണ അറിയപ്പെടുന്ന ഒരു പദമാണ് 'ഇമാം'. ഇതിന്റെ അർത്ഥം 'പുരോഹിതൻ' എന്നാണ്. താൻ മുഖാന്തിരമായി അല്ലാഹുവിനോട് (ദൈവത്തോട്) അടുക്കുന്നവർക്കുവേണ്ടി പക്ഷവാദം ചെയ്വാൻ സദാ ജീവിക്കുന്നവനും; പവിത്രൻ, നിർദ്ദോഷൻ, നിർമ്മലൻ, പാപികളോട് വേറിട്ടവൻ, സ്വർഗ്ഗത്തേക്കാൾ ഉന്നതനായിത്തീർന്നവൻ എന്നീ ഗുണങ്ങളുള്ളവനുമായ ഒരു ശ്രേഷ്ഠമഹാപുരോഹിതനെ (മഹ്ദി ഇമാമിനെ) ബൈബിൾ (എബ്രാ. 7:25-26) വെളിപ്പെടുത്തുന്നു. ആ ഇമാം ഇസാ മസിഹ് (യേശുക്രിസ്തു) ആണ്. മസീഹ എന്നാൽ ക്രിസ്തു അഥവാ രക്ഷിക്കുന്നവൻ എന്നത്രേ. യേശുക്രിസ്തു അല്ലാഹുവിന്റെ മസീഹ (മസീഹല്ലാഹ്) ആണെന്നു ഖുർ-ആൻ സമ്മതിക്കുന്നു. യേശുക്രിസ്തുവിനെ അനുസരിക്കുകയും അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യണമെന്നും ഖുർ-ആനിലെ 3:50&43:61 സൂക്തങ്ങൾ വ്യക്തമാക്കുന്നു. ഈസാമസീഹിൽ കൂടിയല്ലാതെ മറെറാരുത്തനിലും രക്ഷയില്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവുമില്ല (ബൈബിൾ-പ്രവൃത്തി4:12) അന്ത്യകാലത്ത് മഹ്ദി ഇമാം (ശ്രേഷ്ഠമഹാപുരോഹിതൻ) അഥവാ ഇസാമസീഹ് പ്രത്യക്ഷനാകുമെന്നും അവൻ മസീഹുദ്ദജ്ജാലിനെ (എതിർ ക്രിസ്തു) നശിപ്പിക്കുമെന്നും ഇസ്ലാം മതം വിശ്വസിക്കുന്നു. ആ മഹാപുരോഹിതനായ ക്രിസ്തുയേശുവിന്റെ പരിശുദ്ധ നാമത്തെ അക്രൈസ്തവരുടെ ഇടയിൽ ഉയർത്തുന്നതിനും, അവങ്കലേയ്ക്കു ആത്മാക്കളെ ആദായപ്പെടുത്തുന്നതിനുംവേണ്ടി എപ്പിസ്കോപ്പൽ സഭകൾ അനുശാസിക്കുന്ന വിശ്വാസാചാരങ്ങളോടെ നടത്തപ്പെടുന്ന സുവിശേഷ പ്രവർത്തനങ്ങളാണ് IMAM (ഇമാം) അഥവാ INJIL MINISTRIES ALLIANCE MISSION (ഇഞ്ചീൽ മിനിസ്ട്രീസ് അലയൻസ് മിഷൻ) സുവിശേഷത്തിനു് അറബിയിൽ ഉപയോഗിക്കുന്ന പദമാണ് 'ഇഞ്ചീൽ' എന്നുള്ളത്.

ക്രിസ്തേതര വിഭാഗങ്ങളിൽനിന്നും യേശുക്രിസ്തുവിനെ കൈക്കൊണ്ട്, അവന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവരും: കർത്താവിന്റെ ജയമുള്ള സ്ളീബായാൽ രക്ഷിക്കപ്പെട്ട് വിശുദ്ധ മാമ്മോദീസായുടെ റൂശ്മായാൽ മുദ്രകുത്തപ്പെട്ടവരുമായ ചിലരാണ് IMAM (ഇമാം) പ്രവർത്തനങ്ങൾക്കു പിന്നിലുള്ളത്. ക്രിസ്തുവിനെ സാക്ഷിച്ച് ഞങ്ങളുടെ രണ്ടു സഹോദരന്മാർ രക്തസാക്ഷികളായി. പ്രവർത്തനത്തിലേർപ്പെട്ടിരുന്ന ഒരാൾ ബന്ധനസ്ഥനാണ്. ചിലർ രഹസ്യമായും ചിലർ പരസ്യമായും സുവിശേഷ പ്രവർത്തനം തുടരുന്നു. നാനാഭാഗത്തുനിന്നും പീഡനവും, നിന്ദയും, ഉപദ്രവവും ഞങ്ങളെ ഞെരുക്കുന്നു. പട്ടിണിയും, പൈദാഹവും, ഉറക്കിളപ്പും, ആപത്തും സദാ കൂടെയുണ്ട്. എങ്കിലും പ്രാണനെ വിലയേറിയതായെണ്ണാതെ നല്ലപോർ പൊരുതു്, ഓട്ടം തികച്ച് ദൈവകൃപയുടെ സുവിശേഷത്തിനു് സാക്ഷ്യം പറയേണ്ടതിനു് കർത്താവായ യേശു തന്നെ ശുശ്രൂഷ തികയ്ക്കുക എന്ന ബദ്ധപ്പാടാണു ഞങ്ങൾക്കുള്ളത്.

ഏതെങ്കിലും സഭകളുടെയോ പ്രസ്ഥാനങ്ങളുടെയോ ഉപദേശമല്ല ഞങ്ങൾക്കു സാക്ഷിക്കാനുള്ളത്. എന്നാൽ ദാവീദിന്റെ സന്തതിയായി ജനിച്ച്, മാനവരാശിയെ പാപത്തിൽനിന്നു് വീണ്ടെടുക്കുന്നതിനു് ക്രൂശ് മരണത്തോളം തന്നെത്താൻ താഴ്ത്തി, മരിച്ചവരുടെ ഇടയിൽനിന്നുള്ള ആദ്യജാതനായി ഉയിർത്തെഴുന്നേററവനും, ജയാളിയായി ആകാശത്തിൽക്കൂടി കടന്നുപോയ ശ്രേഷ്ഠ മഹാപുരോഹിതനും, തന്റെ ജനത്തെ ചേർക്കാൻ വീണ്ടും വരുന്നവനുമായ ക്രിസ്തുയേശു ഞങ്ങളുടെ ജീവിതത്തെ രൂപാന്തരപ്പെടുത്തിയ അനുഭവമാണ് ഞങ്ങൾ വിവരിക്കുന്നത്. അന്ത്യകാലത്ത് അനേകർക്കു് സുവിശേഷം പുച്ഛമായിരിക്കുമ്പോൾ സുവിശേഷഘോഷണം ഒരു വലിയ പദവിയായി ഞങ്ങൾ വീക്ഷിക്കുന്നു.

സ്വമേധാ പ്രവർത്തനം, ട്രാക്ററുകളും ലിററേച്ചറും അച്ചടിച്ചു വിതരണം ചെയ്യുക, തപാലിൽക്കൂടി സുവിശേഷീകരണം, ഫോളോ അപ് മിനിസ്ട്രി, ഇമാം ലൈബ്രറികൾ സ്ഥാപിക്കുക, ഇമാം സുവാർത്താ പര്യടനങ്ങൾ, ഇമാം സുവാർത്താ യോഗങ്ങൾ, യുവജന ക്യാമ്പുകൾ, ആത്മീയ ധ്യാനയോഗങ്ങൾ, ക്രിസ്തേതരർക്കുവേണ്ടി സുവിശേഷകരെ പരിശീലിപ്പിക്കുക, പ്രാദേശികാടിസ്ഥാനത്തിൽ പ്രാർത്ഥനാ സമാജങ്ങൾ സംഘടിപ്പിക്കുക തുടങ്ങിയവ ഇമാം പ്രധാനമായും ചെയ്തുവരുന്നു.

ഇമാം പ്രവർത്തനങ്ങൾ മുഖാന്തിരം രക്ഷിക്കപ്പെടുന്ന ആത്മാക്കൾ ക്രിസ്തീയമായി മുന്നോട്ടുപോകുന്നതിനും,

(ശേഷം 6-ാം പേജിൽ)

രണ്ടാംകൗമാ.
എക്ബാ.
(ബ്രിക്കുദാബദുകൻ മാബുവേ)
ഗീതം—
സഹദാ കാദീശന്മാരേ!
ലോകസഹായത്തിന്നുറ-
വായ്
വീര്യം നിങ്ങൾതൻ
അസ്ഥിക്കായ് തന്നോൻ
ധന്യൻ നാഥങ്കൽ—നിങ്ങൾ
ഞങ്ങൾക്കായ് പ്രാർത്ഥി-
ക്കേണം
കുറിയേലായിസോൻ.

അർത്ഥം—
രക്തസാക്ഷികളേ വിശുദ്ധന്മാരേ! ലോകത്തിനു സഹായം ഒഴുക്കിക്കൊടുക്കുന്ന ഉറവുകളായി നിങ്ങളെ ആക്കിത്തീർത്ത് നിങ്ങളുടെ അസ്ഥികളിൽ തന്റെ ശക്തിയും വീര്യവും വസിപ്പിക്കുന്നവനായ കർത്താവു വാഴ്ത്തപ്പെട്ടവൻ. ആ നാഥനോടു ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കുവിൻ.
കുറിയേലായിസോൻ.

(സാദീക്കേ ദറഹേംകശ്ത്തോ)
ഗീതം—
1 സത്യത്തെ സ്നേഹിച്ചോരേ!
പുത്രനുവേണ്ടി മരിച്ചോരേ!
സത്തമരേ വാഴ്വാം
നിങ്ങൾതന്നോർമ്മ.
അനുതാപമെഴും
പാപികൾ തൻ തുറമുഖമായ്
നിങ്ങൾ
നിങ്ങളിലമരും
മശിഹായാം നാഥനൊട-
ർത്ഥിപ്പിൻ.
തന്നാഗമദിനേ കൃപയും
വാഴ്വും ഞങ്ങൾക്കരുളീടാൻ
ദൈവികപീഠത്തിൻ
മുമ്പിൽ
മുഖതേജസ്സോടീ ഞങ്ങൾ
രാപകലെന്നെന്നും
സ്തോത്രം പാടീടും—
ബാറെക്മോർ
ശുബഹോ..
മെനഓലം..
2 ഹാ!ബഹുമോഹനനാദ-
ത്താൽ
ഏവൻ ഗേല്യോനിൽ
നാഥൻ
കല്പിച്ചാൻ പ്രിയരാം
ഉത്സാഹികളോടായ്
ആത്മദരിദ്രന്മാർ ധന്യർ
സ്വർപ്പുരമാർജ്ജിക്കും
വിലപിച്ചമരുന്നോർ ധന്യർ
നേടിടുമാശ്വാസം
പീഡാർദ്ദിതരും ധന്യന്മാർ
ഹതരാംസഹദേരും ധന്യർ
പീഡയ്ക്കും യാതനകൾക്കും
പ്രതിഫലമായിവരാ-
ർജ്ജിക്കും
സ്വർഗ്ഗത്തോടൊപ്പം
ശാശ്വതമാം ജീവൻ.
മൊറിയോറാഹേം ...

അർത്ഥം—
1. സത്യത്തെ സ്നേഹിച്ചവരായ പുണ്യവാന്മാരും ദൈവപുത്രനോടുള്ള സ്നേഹത്തിനുവേണ്ടി മരണം വരിച്ച നീതിമാന്മാരുമേ! നിങ്ങളുടെ അനുസ്മരണം ഞങ്ങൾക്കു് അനുഗ്രഹമാകണമേ. അനുതപിക്കുന്ന പാപികൾക്കു നിങ്ങൾ സഹായങ്ങളുടെ തുറമുഖമായിത്തീർന്നു. നിങ്ങളുടെ തിരുശേഷിപ്പുകളിൽ ആവസിക്കുന്നവനായ മശിഹായോടു നിങ്ങൾ ഞങ്ങൾക്കുവേണ്ടി യാചിക്കുവിൻ. തന്റെ ആഗമനത്തിന്റെ മഹാദിനത്തിൽ ഞങ്ങൾക്കു ദയയും കരുണയും ലഭിക്കുമാറാകട്ടെ. തന്റെ ദൈവികസിംഹാസനത്തിനു മുമ്പാകെ ഞങ്ങൾക്കു മുഖപ്രസാദം ഉണ്ടാകട്ടെ. രാപകൽ ഞങ്ങൾ തനിക്കു സ്തുതി പാടുമാറാകട്ടെ.
2. കർത്താവിനെ സ്നേഹിക്കുന്ന സിദ്ധന്മാർക്കുഭാഗ്യം പ്രദാനം ചെയ്തുകൊണ്ട് ഏവൻഗേലിയോനിൽ നാഥൻ അരുൾ ചെയ്ത വചനം എത്രയും മോഹനീയവും ഗംഭീരവും ആയിരിക്കുന്നു. ''ആത്മാവിൽ ദരിദ്രരായവർക്കു ഭാഗ്യം, സ്വർഗ്ഗരാജ്യം അവർക്കവകാശപ്പെട്ടിരിക്കുന്നു; ദുഃഖിച്ചിരിക്കുന്നവർക്കു ഭാഗ്യം, അവർക്കു ആശ്വാസം ലഭിക്കും; പീഡനവും വധവും ഏററ സഹദേൻമാർക്കു ഭാഗ്യം, അവർ സഹിച്ച കഷ്ടതകൾക്കും യാതനകൾക്കും പകരമായി സ്വർഗ്ഗരാജ്യവും നിത്യജീവനും അവർ പ്രാപിക്കും''
മൊറിയോ ...



# ആരാധനാഗീതസമീക്ഷ

പ്രൊഫ: എൻ. ഐ. നൈനാൻ ശൂരനാട്

മാർ അപ്രേമിന്റെ ബോവൂസാ
(മോറാനെസറാഹാമേറെലൻ)
ഗീതം—
കർത്താവേ കൃപ ചെയ്യണമേ
നിന്നടിയാർതൻ പ്രാർത്ഥന-
യാൽ
1 നിൻവൃത്താന്തം റൂഹായാൽ
ചൊന്നോരാം നിബിയ്ശ്ലീഹ
ന്മാർ
സ്നേഹാൽ മൃതരാംസഹദേ-
ന്മാർ
പ്രാർത്ഥിക്കും, കൃപ ചെയ്യേ-
ണം.
2 കർത്താവിന്നിഷ്ടം ചെയ്തോർ
നിർമ്മലരേ പ്രാർത്ഥിച്ചിടു-
വിൻ
ഞങ്ങളിൽ നിന്നും നീങ്ങീ-
ടാൻ
കോപത്തിന്നടിയും ദണ്ഡും.
3 കർത്താവേ കൃപ ചെയ്യണമേ
നിന്നടിയാർതൻപ്രാർത്ഥന-
യാൽ
ഞങ്ങൾക്കും മൃതരായോർക്കും
പാപവിമോചനമേകേണം

അർത്ഥം—
കർത്താവേ നിന്റെ അടിയാരുടെ പ്രാർത്ഥനയാൽ ഞങ്ങളോടു കരുണ ചെയ്യണമേ. പരിശുദ്ധ റൂഹായാൽ നിന്നെക്കുറിച്ചു പറഞ്ഞ നിബിയന്മാരും നിന്റെ വെളിപാടിനെ അറിയിച്ച ശ്ലീഹന്മാരും നിന്നെക്കുറിച്ചുള്ള സ്നേഹം നിമിത്തം മരിച്ച സഹദേന്മാരും ഞങ്ങൾക്കുവേണ്ടി നിന്നോടു അപേക്ഷിക്കും. ഞങ്ങളോടു കരുണ ചെയ്യേണമേ.

കർത്താവിനു പ്രിയം ചെയ്തവരായ പരിശുദ്ധന്മാരേ? ഞങ്ങളിൽ നിന്ന് ശിക്ഷകളും അരിശത്തിന്റെ വടികളും നീങ്ങിപ്പോകുവാൻ ഞങ്ങളോടൊന്നിച്ചു പ്രാർത്ഥിക്കുവിൻ.

കർത്താവേ നിന്റെ ദാസന്മാരുടെ പ്രാർത്ഥനയാൽ ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങൾക്കും ഞങ്ങളുടെ മരിച്ചുപോയവർക്കും നീ പാപവിമോചനം നൽകുമാറാകണമേ.

# വിശുദ്ധസഭ

## തിന്മയുടെ ഉത്ഭവവും

## അതിന്റെ ഫലവും

(കഴിഞ്ഞലക്കം തുടർച്ച)

ഇക്കാര്യത്തെസംബന്ധിച്ചുള്ള വേദഭാഗങ്ങൾ അത്രവ്യക്തമല്ല. നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ ഫലം എന്താകുന്നു? ആ ഫലം കൊല്ലുന്നതായിരുന്നതിനാൽ അതിനെ ഒരു നല്ല ഫലമായി പരിഗണിക്കുവാൻ നിവൃത്തിയില്ല. നന്മ അറിയുന്നതു ദോഷമെന്നോ, ആ ഫലം തിന്നുന്നതുവരെ മനുഷ്യനു നന്മയെന്തെന്ന് അറിയുവാൻ പാടില്ലായിരുന്നു എന്നോ വരുന്നതല്ല. നന്മ മാത്രം അറിഞ്ഞു ജീവിച്ചിരുന്ന മനുഷ്യനെ അതിനു വിപരീതമായ തിന്മയെന്ന പ്രമാണം ലോകത്തിലുണ്ടെന്നു മനസ്സിലാക്കിയതാണ് ഈ വൃക്ഷം. വേറൊരു വിധത്തിൽ, അതു തിന്മയുടെ വൃക്ഷം തന്നെയാണ്. സാത്താനു ദൈവസന്നിധിയിൽ അഥവാ, സ്വർഗ്ഗത്തിൽ പോലും ചെല്ലുന്നതിനു് അവസരമുണ്ടെങ്കിൽ (ഇയ്യോബ് 1:6) പറുദീസായിൽ തിന്മയുടെ വൃക്ഷമുള്ളതിൽ അതിശയിപ്പാനില്ല.

നന്മയും തിന്മയും ആദിമുതൽ ലോകത്തിലുണ്ട്. ദൈവസാദൃശ്യത്തിൽ സ്വതന്ത്രനായി മനുഷ്യനെ സൃഷ്ടിച്ചതിനാൽ അതിലേതെങ്കിലും തിരഞ്ഞെടുക്കുന്നതിനുള്ള സ്വാതന്ത്ര്യവും അവനുണ്ടായിരുന്നു. പക്ഷേ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൻ ഫലം തിന്നരുതെന്നും, അതു തിന്നാൽ മരിക്കുമെന്നുള്ള കർശനമായ താക്കീതു അവനു കൊടുത്തിരുന്നു. അതിനാൽ തിന്മയ്ക്കു വിധേയനാകരുതെന്നുള്ള കൽപ്പന ആരംഭത്തിൽതന്നെ ഉണ്ടായിരുന്നു.

തിന്മയെന്നുള്ള പ്രമാണത്തെ ലോകത്തിൽനിന്നു് നിഷ്കാസനം ചെയ്യുക സാദ്ധ്യമല്ല. തിന്മയ്ക്കു വിധേയനാകാതെ നന്മ മാത്രം ചെയ്യുകയെന്നുള്ളതാകുന്നു നമുക്കു കരണീയമായിട്ടുള്ളത്. തിന്മ ലോകത്തിലെങ്ങനെയുണ്ടായി യെന്നുള്ളത്. ഒരു വലിയ പ്രശ്നമാണ്. ദൈവം സൃഷ്ടിച്ചതെല്ലാം നല്ലതെന്നു ദൈവം കണ്ടു. പിന്നെ തിന്മ എങ്ങനെ ഉണ്ടായി? സ്വതന്ത്രബുദ്ധികളായ ഒരു കൂട്ടം മാലാഖമാരുടെ തന്നിഷ്ടം മൂലമാണ് തിന്മ ലോകത്തിലുണ്ടായതെന്നു പറഞ്ഞാൽ (യൂദാ:6) അവർക്ക് ഈ ബിംബവിഷ്ടം എങ്ങനെയുണ്ടായി എന്നൊരു ചോദ്യം അവശേഷിക്കും. നന്മ Positive (ഉത്തമം) ആണെങ്കിൽ തിന്മ അതിന്റെ Negative (ന്യൂനം) ആകുന്നു. നന്മയുടെ മദ്ധ്യേ സ്വതന്ത്രബുദ്ധി പ്രവേശിച്ചാൽ തിന്മ ഉണ്ടാകുക സഹജമാണ്.

മനുഷ്യന്റെ അധഃപതനത്തിനുമുമ്പ് തിന്മയിലേക്കു ചായാതെ അവൻ നന്മതന്നെ ചെയ്തു കൊണ്ടിരുന്നിരിക്കണം. തിന്മയെ നന്മയിൽനിന്നും വിവേചിച്ചു മനസ്സിലാക്കി തിന്മയിലേക്കുള്ള പ്രവണത കാണിപ്പാൻ തുടങ്ങിയ നാളിൽ അവൻ അധഃപതിച്ച് പാപത്തിൽ ജീവിക്കുവാൻ തുടങ്ങി 'യഹോവയായ ദൈവം; മനുഷ്യൻ നന്മതിന്മകളെ അറിവാൻ തക്കവണ്ണം നമ്മിൽ ഒരുത്തനെപ്പോലെ ആയിത്തീർന്നിരിക്കുന്നു. ഇപ്പോൾ അവൻ കൈനീട്ടി ജീവവൃക്ഷത്തിന്റെ ഫലം കൂടെ പറിച്ചു തിന്ന് എന്നേക്കും ജീവിപ്പാൻ സംഗതി വരരുത് എന്നു കൽപ്പിച്ചു'. ആദ്യ 3:22 നന്മയെ ത്യജിച്ചു തിന്മയെ പ്രവർത്തിക്കുന്ന ഒരാൾക്കു ദൈവ സംസർഗ്ഗത്തിൽ നിത്യമായി ജീവി

(ശേഷം 5-ാം പേജിൽ)

# വിശുദ്ധസഭ

# തിന്മയിൽ നിന്നുള്ള ഉദ്ധാരണവും മാർഗ്ഗവും

മനുഷ്യൻ ദൈവസംസർഗ്ഗത്തിൽ മാത്രം വളർന്നു തിന്മയെ ജയിക്കണം എന്നുള്ളതു് ദൈവ നിശ്ചയമായിരിക്കെ, അവൻ സാത്താൻ തന്നെത്തന്നെ വിധേയനാക്കി അധ:പതിക്കുകയത്രെ ചെയ്തതു്. ദൈവ സംരക്ഷണയിൽകൂടിയല്ലാതെ തിന്മയെ ജയിക്കുവാൻ ഒരുവനും സാദ്ധ്യമല്ല. ''എന്നെ പിരിഞ്ഞു നിങ്ങൾക്കു് ഒന്നും ചെയ്യുവാൻ കഴിയുകയില്ല.'' യോഹ.15:5. ''എന്നിൽ കായ്ക്കാത്ത കൊമ്പു് ഒക്കെയും അവൻ നീക്കിക്കളയുന്നു. കായ്ക്കുന്നതു് ഒക്കെയും അധികം ഫലം കായ്ക്കേണ്ടതിനു ചെത്തി വെടിപ്പാക്കുന്നു'' [യോഹ 15:2]

(4-ാംപേജിൽനിന്നും തുടർച്ച)

പ്പാൻ കഴിയുകയില്ല. ആദാം ഏദൻതോട്ടത്തിൽ നിന്നും ബഹിഷ്ക്കരിക്കപ്പെട്ടു. അഥവാ അവന്റെ പറുദീസാ ജീവിതം നഷ്ടപ്പെട്ടിട്ടു് ''മുള്ളും പറക്കാരയും'' നിറഞ്ഞ പാപജീവിതത്തിന്റെ അനുഭവങ്ങളിലേക്കു് ഇറങ്ങിപ്പോയി.

സ്ത്രീ പാമ്പിനോടു്: ''തോട്ടത്തിലെ വൃക്ഷങ്ങളുടെ ഫലം ഞങ്ങൾക്കു തിന്നാം; എന്നാൽ നിങ്ങൾ മരിക്കാതിരിക്കേണ്ടതിനു തോട്ടത്തിന്റെ നടുവിലുള്ള വൃക്ഷത്തിന്റെ ഫലം തിന്നരുതു് തൊടുകയും അരുതു് എന്നു ദൈവം കല്പിച്ചിട്ടുണ്ടു് എന്നു പറഞ്ഞു. പാമ്പു സ്ത്രീയോടു്: 'നിങ്ങൾ മരിക്കയില്ല നിശ്ചയം; അതു തിന്നുന്ന നാളിൽ നിങ്ങളുടെ കണ്ണുതുറക്കുകയും, നിങ്ങൾ നന്മതിന്മകളെ അറിയുന്നവരായി ദൈവത്തെപ്പോലെ ആകുകയും ചെയ്യും എന്നു ദൈവം അറിയുന്നുവെന്നു പറഞ്ഞു' ആദ്യ: 3:2-5. മനുഷ്യൻ നന്മയിൽ പൂർണ്ണനായി ദൈവത്തെപ്പോലെ ആയിത്തീരണമെന്നുള്ളതു് ദൈവത്തിന്റെ ആഗ്രഹം മാത്രമാകുന്നു. 'ആകയാൽ സ്വർഗ്ഗത്തിലുള്ളവനായ നിങ്ങളുടെ പിതാവു് സൽഗുണപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും സൽഗുണപൂർണ്ണരാകുവീൻ'. മത്താ 5:48 എന്നാൽ 'നിങ്ങൾ മരിക്കയിൽ നിശ്ചയം'; 'നിങ്ങളുടെ കണ്ണുതുറക്കും'; എന്നിങ്ങനെയുള്ള സാത്താന്റെ പ്രേരണകൾ തന്ത്രപരമായിരുന്നു. ''ആ വൃക്ഷഫലം തിന്മാൻ നല്ലതും, കാണ്മാൻ ഭംഗിയുള്ളതും, ജ്ഞാനം പ്രാപിപ്പാൻ കാമ്യവും എന്നു സ്ത്രീ കണ്ടു് ഫലം പറിച്ചുതിന്നു: ഭർത്താവിനു കൊടുത്തു അവനും തിന്നും. ഉടനെ ഇരുവരുടെയും കണ്ണുകൾതുറന്നു; തങ്ങൾ നഗ്നരെന്നു് അറിഞ്ഞു.' (ആദ്യ 3:6) കണ്ണുകൾ തുറന്നു; പക്ഷേ കണ്ടതു് ദൈവത്തെപ്പോലെ ആയിത്തീർന്നതായിട്ടില്ല; പ്രത്യുത നഗ്നരായിട്ടത്രെ. ദൈവസംസർഗ്ഗത്തിൽ കലാനുസരണം വളർന്നു ശക്തി പ്രാപിക്കാതെ തിന്മക്കു വിധേയനാകുമ്പോളുണ്ടാകുന്ന അനുഭവമത്രെ ഇവിടെ കാണുന്നതു്. ''കണ്ണു തുറന്നു; തങ്ങൾ നഗ്നരെന്നു് അറിഞ്ഞു'' അതായതു് പാപജീവിതത്തെ സ്വയമായി തിരഞ്ഞെടുത്തതിനാൽ ദൈവസംരക്ഷണയിൽ നിന്നും അവർ ഉരിയപ്പെട്ടു് നഗ്നരായിതീർന്നു.

വീഴ്ചയ്ക്കു ശേഷവും, മനുഷ്യനെ ദൈവം അശരണനായി വിട്ടുകളയുന്നില്ല. തിന്മയിൽനിന്നും അവനെ തിരിപ്പിച്ചു നന്മയിലേയ്ക്കും, ദൈവസംസർഗ്ഗത്തിലേക്കും, കൊണ്ടുവരുന്നതിനുള്ളദൈവത്തിന്റെ ഭാഗത്തുള്ള നിരന്തരശ്രമത്തിന്റെ ചുരുങ്ങിയ ചരിത്രമാണു് പഴയ നിയമവും പുതിയ നിയമവും. പഴയ നിയമം അതിന്റെ കളരിയെങ്കിൽ, പുതിയതു് അതിന്റെ രംഗമാകുന്നു. ദൈവികസംസർഗ്ഗത്തിലേക്കു് അവനെ തിരിച്ചു കൊണ്ടുവരികയും, അവനോടു് ഉററ സമ്പർക്കത്തിൽ ഏർപ്പെട്ടിട്ടു് അവനോടൊത്തു് തിന്മയോടു പോരാടുകയും ചെയ്യുകയെന്നുള്ളതാണു് മനുഷ്യരക്ഷയ്ക്കു ദൈവം തിരഞ്ഞെടുത്തതായ മാർഗ്ഗം. മനുഷ്യാവതാരവും വിശുദ്ധസഭയുടെ കൂദാശകളുടെയും സ്ഥാപനവും, ഇതു സാധിതപ്രായമാക്കുന്നതിനു വേണ്ടിയായിരുന്നു.

ദൈവത്വവും മനുഷ്യത്വവും തമ്മിൽ മനുഷ്യാവതാരത്തിൽ സംയോജിച്ചു നിത്യമായി സ്ഥിതിചെയ്യുന്നു. തിന്മയുടെ പോരാട്ടങ്ങളെല്ലാം തോൽപ്പിച്ചു് വിജയശ്രീലാളിതനായി വിരാജിക്കുന്ന ഒരു പരിപൂർണ്ണ മനുഷ്യനാകുന്ന ദൈവമനുഷ്യനായ ക്രിസ്തു. ഈ പരിപൂർണ്ണ മനുഷ്യനോടു കൂടി നാമും സംയോജിച്ചിട്ടു തന്റെ ശക്തിയാകുന്ന വിശുദ്ധാത്മ ശക്തിയിൽ തിന്മയോടു പോരാടുകയാണു് നമ്മുടെ വിജയത്തിനു് അഥവാ രക്ഷയ്ക്കു് കരണീയമായിട്ടുള്ളതു്. പാപജീവിതത്തെയും, പാപപ്രവണതകളെയും നാം പരിത്യജിച്ചു് ക്രിസ്തുവിന്റെ ശക്തിയിൽ വിശ്വസിച്ചു് സഹായത്തിനായി തന്നോടു് അഭ്യർത്ഥിക്കുമ്പോൾ, നമ്മുടെ കുററങ്ങളെ മോചിച്ചു് തന്റെ വിശുദ്ധാത്മാവിനെ നമ്മിലേക്കു് പകർന്നു്, ഒരു ശരീരമാകുമാറു് തന്നോടുകൂടി നമ്മെ ചേർത്തിട്ടു് നമ്മിൽകൂടി തിന്മയോടു പോരാടി വിജയത്തിലേക്കു നമ്മെ എത്തിക്കുകയത്രേ ക്രിസ്തു നമുക്കായി ചെയ്യുന്ന പ്രവൃത്തി. അങ്ങനെ തന്നോടുകൂടി ചേർക്കപ്പെട്ടിട്ടുള്ളവരുടെ സമൂഹമാകുന്നു. വി. സഭ. നമ്മുടെ മനുഷ്യത്വവും ക്രിസ്തുവിന്റെ മനുഷ്യത്വവും തമ്മിൽ സംയോജിച്ചു് നാം ദൈവപുത്രനുമായി ഐക്യപ്പെട്ടിട്ടു് ക്രിസ്തു നയിക്കുന്നതുകൊണ്ടത്രെ സഭ ക്രിസ്തുവിന്റെ ശരീരമെന്നും, ക്രിസ്തുവിനെ സഭയുടെ തലയെന്നും പറയുന്നതു്. ഈ സംയോജിപ്പിന്റെ ഉപാധികളാകുന്നു വി. കൂദാശകൾ. മാനസാന്തരം അതിന്റെ ഉപാധിയാണു്. മാമോദീസാ കർത്താവിനോടു നമ്മെ യോജിപ്പിക്കുന്നു. അഥവാ ലോകത്തിൽ ഒരു പ്രാവശ്യം ജനിച്ചവരായ നമ്മെ ക്രിസ്തുവിൽ വീണ്ടും ജനിപ്പിക്കുന്നു. വി. മൂറോൻ ഈ ഐക്യത്തെ സ്ഥിരപ്പെടുത്തുന്നു. വി. കർബാന അതിനെ പുലർത്തുന്നു. പട്ടത്വം അതിനെ വ്യാപരിപ്പിക്കുന്നു. (Propagates) വി. കുമ്പസാരം വീഴ്ചകളിൽ നിന്നും അതിനെ യഥാസ്ഥാനപ്പെടുത്തുന്നു. തൈലാഭിഷേകം അതിനെ ശക്തിപ്പെടുത്തുന്നു. തന്നോടും അന്യോന്യവും നാം ഐക്യപ്പെട്ടു് ഒരു ശരീരമായി തീർന്നു് തന്റെ അവകാശത്തിനു നാം കൂട്ടവകാശികളായി ത്തീരുകയാകുന്നു കൂദാശകൾ മുഖാന്തിരം നാം സാധിക്കുന്ന കാര്യം. ഈ ഐക്യം പദാർത്ഥപരമല്ല; ആത്മീയമത്രെ. ഈ ഐക്യത്തെ 'മിസ്റ്റിക്കൽ ഐക്യം' എന്നും, ഈ ശരീരത്തെ മിസ്റ്റിക്കൽ ഗാത്രം എന്നും സാധാരണയായി പറയുന്നു.

## അദ്ധ്യായം 4

### മശിഹായുടെ മിസ്റ്റിക്കലാകാരമായ വി. സഭ

വി. സഭ ക്രിസ്തുവിന്റെ ശരീരമെന്നും, സഭയുടെ തല ക്രിസ്തുകുആന്നുവെന്നും, അതു പദാർത്ഥപരമായിട്ടല്ലാത്രയെ ആത്മീയമായി

ന്നും, മശിഹായും സഭയുമായുള്ള ഈ സുദൃഢബന്ധത്തെ മിസ്റ്റിക്കലൈക്യമെന്നും, മശിഹായുടെ ശരീരമാകുന്ന സഭയെ തന്റെ മിസ്റ്റിക്കലാകാരമെന്നു് പേരു വിളിക്കാമെന്നും നാം കണ്ടുകഴിഞ്ഞു.

മിസ്റ്റിക്കലാകാരമെന്നു പറഞ്ഞാൽ എന്താകുന്നു.

'മിസ്റ്റിക്കൽ' എന്ന പദത്തിനുള്ള അർത്ഥപുഷ്ടിയെ വ്യക്തമാക്കുന്ന ഒരു മലയാളപദം ഇല്ലതന്നെ. സാധാരണ ദൃഷ്ടിക്കു് അഗോചരമായ ഒരനുഭവമാണു് 'മിസ്റ്റിക്കൽ' എന്ന വാക്കിൽ അന്തർഭവിച്ചിരിക്കുന്നതു്. സഭ ക്രിസ്തുവിന്റെ പ്രകൃതപ്രകാരമുള്ള സ്ഥൂലശരീരമല്ലെന്നുള്ളതു്(Natural body) വ്യക്തമാണു്. ആ ശരീരം മനുഷ്യാവതാരത്തിൽ കന്യകമറിയാമിൽനിന്നെടുത്ത തന്റെ ജഡമാകുന്നു. സഭ ആ രീതിയിലുള്ള പദാർത്ഥമയമായ മനുഷ്യശരീരമല്ല. എന്നാൽ സഭയും ക്രിസ്തുവുമായുള്ള ഐക്യം ഒരു ശരീരത്തിലെ അവയവങ്ങളും ശിരസ്സുമായുള്ള ഐക്യംപോലെ അടുത്തതും, സജീവവുമാകയാൽ അതിനെ ഒരു ശരീരത്തോടു് അഥവാ ഒരു സജീവ ജഡത്തോടു് (Organism) താരതമ്യപ്പെടുത്താവുന്നതാണു്. എങ്കിലും അതു് അതുല്യമായ ഒരു ഐക്യമാകയാൽ ഇങ്ങനെയുള്ള നിർവചനങ്ങൾ ആശയസ്പഷ്ടതയ്ക്കു തികച്ചും പോരാതാണിരിക്കുന്നതു്.


ഈ സജീവ ജഡത്തിന്റെ തലയാണു് ക്രിസ്തു. നാം ഓരോരുത്തരും ഈ ജഡത്തിന്റെ അവയവങ്ങളുമാകുന്നു. എന്നാൽ മശിഹായോടുള്ള ഈ സംയോജിപ്പു നിമിത്തം തമ്മിൽ ലയിച്ചു് നാം ഇല്ലാതെയായിത്തീരുന്നില്ല. നമ്മുടെ ആത്മീകമായ ജീവിതത്തിനു ഹാനി ഭവിക്കുന്നുമില്ല. നമ്മുടെ ജീവിതത്തിന്റെ അനിയന്ത്രിതമായ വിഹരിപ്പിനു് ഇടംകൊടുക്കാതെ ദിവ്യശിരസ്സായ ക്രിസ്തുവിന്റെ സ്വാധീനത്തിലമർന്നു് തന്റെ വിശുദ്ധാത്മാവിന്റെ വ്യാപാരംനിമിത്തം ആത്മീയമായ ജീവപുഷ്ടി സംപ്രാപിച്ചുകൊണ്ടു് നാം ആകമാനശരരീത്തോടു് മേളിച്ചു പ്രവർത്തിക്കുന്നു.

ക്രിസ്തുവുമായുള്ള സഭയുടെ ഐക്യം ബാഹ്യമോ, പദാർത്ഥപരമോആയ ഒരൈക്യമല്ല. വെറും ധാർമ്മികമോ moral union) വികാരപരമോ, സാങ്കല്പികമോ ആയ ഒരൈക്യവുമല്ല അതു്. ധാർമ്മികമായിരിക്കുമ്പോൾ (moral) തന്നെ ആന്തരികവും പ്രകൃതാതീതവും, യഥാർത്ഥവും, ആത്മീയവുമാകുന്നു. എന്നാൽ ഈ ഐക്യം മൂലം നമ്മുടെ ആത്മാവു് ദിവ്യസാരാംശമായി Divine Essence രൂപാന്തരപ്പെടുകയോ, ഈ ബന്ധത്തിൽ മനുഷ്യനും ദൈവവും സമന്മാരായി ഭവിക്കുകയോ ചെയ്യുന്നില്ല (ലയനം: Confusion) നാം ക്രിസ്തുവുമായി ഒട്ടിച്ചു ചേർക്കപ്പെട്ടതുപോലെയാണു് (റോമാ 11:17-24; യോഹ.15:2-6 ഒട്ടിച്ചു ചേർക്കപ്പെട്ട ഒരു കൊമ്പു് തായിത്തടിയിൽ നിൽക്കുന്നിടത്തോളം അതിനുള്ള സകലത്തിനും അവകാശിയായിത്തീരുന്നതുപോലെ, കർത്താവിനോടു നാം ഒന്നായിരിക്കുന്നിടത്തോളം എല്ലാകാര്യത്തിനും തന്നോടു നാം കടപ്പെട്ടവരും, തന്റെ കൃപയ്ക്കു് അവകാശികളും, തന്റെ പുത്രത്വത്തിനു കൂട്ടവകാശികളുമായിത്തീരുന്നു. തലയായ ക്രിസ്തു, ഒരു ശരീരത്തിലെന്നപോലെ തങ്ങളെ ചേർക്കപ്പെട്ടിട്ടുള്ള(incorporated)തന്റെ സഭയ്ക്കുവേണ്ടി നിരന്തരമായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയും അതിനെ ജീവൻ കൊടുത്തു ശക്തിപ്പെടുത്തുകയും, അദൃശ്യമായ വിധത്തിൽ ആന്തരീകമായ പ്രേരേപണം ചെയ്തു് അതിന്റെ അംഗങ്ങളെ ഭരിക്കുകയും, നയിക്കുകയും ചെയ്യുന്നു. ഈ ശരീരത്തിന്റെ ഏകതാനതയും, വളർച്ചയും, ജീവനും തലയാകുന്ന ക്രിസ്തുവിൽ നിന്നും ലഭ്യമാകുന്നതാകുന്നു. (കൊലോ.2:19; എഫേ.4:16)

സഭയെപ്പററി മശിഹായുടെ 'മിസ്റ്റിക്കലാകാരം' എന്നു പറയുമ്പോൾ എത്രമാത്രം അർത്ഥപുഷ്ടി അതിനുണ്ടെന്നു് മേൽ പറഞ്ഞ കാര്യങ്ങളിൽ നിന്നും മനസ്സിലാകുന്നതാണു്.

(തുടരും)

## അമൃതബിന്ദുക്കൾ



**എൺപത്തിആറ്**

കുബുദ്ധി ദൈവശാപത്തിൻ
കുററിരുട്ടിലകപ്പെടും

**എൺപത്തിഏഴ്**

വിവേകം കൈവെടിഞ്ഞോർക്കു
വിനാശം വന്നുപെട്ടിടും

**എൺപത്തിഎട്ട്**

അഹംബോധം മനുഷ്യന്നെ
സൽവഴികുനയിച്ചിടും

ശ്രീപാദം ഈശ്വരൻ നമ്പൂതിരി

## ഇമാം സുവാർത്താ മിഷൻ

(4–ാംപേജിൽനിന്നും തുടർച്ച)

വിശുദ്ധ കർബ്ബാനയിലും ആരാധനയിലും സംബന്ധിക്കുന്നതിനുംവേണ്ടി അവരെ ഇമാം പ്രവർത്തനങ്ങളോടു സഹകരിക്കുന്ന എപ്പിസ്കോപ്പൽ സഭകളുമായി ബന്ധപ്പെടുത്തുന്നതാണ്. ഇടവകകളിലെ ആത്മീയ ദാഹമുള്ളവർ ഏകമായി കൂടിവരുന്ന പ്രാർത്ഥനാസമാജങ്ങൾ ആയിരിക്കും അവരെ ആത്മീയമായി പരിപോഷിപ്പിക്കുന്നത്. പ: കാതോലിക്കാ ബാവായുടെ അനുഗ്രഹങ്ങളും, സഭാ പിതാക്കൻമാരുടെയും പട്ടക്കാരുടെയും പ്രോത്സാഹനവും ഞങ്ങൾക്കധികമായി ലഭിക്കുന്നതിൽ ഞങ്ങൾ ദൈവത്തെ സ്തുതിക്കുന്നു.

ഇമാം ഒരു ചാരിററബിൾ ട്രസ്റ്റോ, സൊസൈററിയോ അല്ല. ഇതു് തികച്ചും വിശ്വാസത്താലുള്ള സുവിശേഷ പ്രവർത്തനമാണ്. കർത്താവും രക്ഷിതാവുമായ ക്രിസ്തുവാണ് ഇതിൻെറ പരമാദ്ധ്യക്ഷൻ. അവൻെറ കുടുംബത്തിൽ അംഗങ്ങളാണെന്നു് നിശ്ചയം പ്രാപിച്ചിട്ടുള്ള ഓരോരുത്തരും ഇതിലെ അംഗങ്ങളാണ്. ഈ പ്രവർത്തനങ്ങൾക്ക് യാതൊരു വിധമായ വിദേശ മിഷനറി സംഘടനകളുടെയും ധനസഹായം ഞങ്ങൾക്കില്ല. എന്നാൽ ക്രിസ്തുവിനെ കൈക്കൊണ്ടു് അവനിൽ വിശ്വസിക്കുന്നവരും അവൻെറ മാതൃക പിൻതുടരുന്നവരുമായ ദൈവമക്കൾ ഈ പ്രവർത്തനങ്ങളെ അവരുടെ പ്രാർത്ഥനയിൽ ഓർക്കുകയും, പരിശുദ്ധാത്മാവ് പ്രേരിപ്പിക്കുന്നതുപോലെ ആളാലും അർത്ഥത്താലും പങ്കാളിത്തം വഹിക്കുകയും ചെയ്യുന്നു. അവരുടെ സ്വമേധാ ദാനങ്ങളാണ് ഈ പ്രവർത്തനങ്ങളുടെ വിജയത്തിനാധാരം (പുറ. 25:1, 2; 2 കൊരി 9:7) ഈ പ്രവർത്തനങ്ങളുടെ ഗൗരവം മനസ്സിലാക്കി ആത്മാവ് പ്രേരിപ്പിക്കുന്നതുപോലെ നിങ്ങളും ചെയ്യുക. ദൈവം അനുഗ്രഹിക്കട്ടെ.

(അന്വേഷണങ്ങൾക്കും, ഇമാം സുവാർത്താ മിഷനുവേണ്ടി സംഭാവനകൾ അയയ്ക്കുന്നതിനുമുള്ള വിലാസം:–

പ്രോഃ സിനിരാജ് മുഹമ്മദ്,
ഇമാം നഗർ, മണർകാട് (P. O.)
കോട്ടയം–686 019, കേരളാ

ലേഖനം

# മാതാപിതാക്കളും മക്കളും

നവീന ലോകത്തിൻെറ തിരക്ക് വരുത്തുന്ന ആകർഷണത്തിലും, മാത്സരഗതിയിലും മുങ്ങി നീങ്ങുന്ന മക്കൾക്കൊപ്പമെത്താനാകാതെ പകച്ചു നിൽക്കുന്ന മാതാപിതാക്കൾ ഇന്നു് എല്ലാ സമൂഹങ്ങളിലും ഒട്ടേറെയുണ്ടെന്നുള്ളതു്, വസ്തുനിഷ്ഠമായ സാമൂഹ്യ വിശകലനത്തിൽ വെളിവാകുന്ന ഒരു സത്യമാണ്. മക്കൾക്കു മനസ്സിലാകുന്ന ഭാഷയിലും രസിക്കുന്ന രീതിയിലും സംസാരിക്കാനാകാതെ കുഴങ്ങുന്ന മാതാപിതാക്കളുടെ സ്ഥിതി പരമദയനീയമല്ലേ? കൂട്ടുകാരും, ആധുനിക സാമൂഹ്യ സങ്കേതങ്ങളും, മാദ്ധ്യമങ്ങളുടെ വിപ്ലവകരമായ പരപ്പും പിടിയും, പുതിയ ജീവിത ശൈലിയുടെ ഒഴുക്കും കുതിപ്പും എല്ലാം ഇതിനു വളം വച്ചിട്ടുണ്ടു്. ഇപ്രകാരം മാതാപിതാക്കളും മക്കളും ധാരണാരഹിതരായി ഇരു ചേരികളിൽ അകന്നു നിന്നുകൊണ്ടു് പരസ്പരം പഴിചാരുകയും തങ്ങളെത്തന്നെ ന്യായീകരിക്കയും ചെയ്യുന്നു. ഞങ്ങളുടെ ചെറുപ്പകാലത്തു് ഇന്നത്തെ 'കൊള്ളരുതായ്മകൾ' അശേഷം ഉണ്ടായിരുന്നില്ല എന്നു് പ്രായമുള്ളവരും, മാതാപിതാക്കളും മുതിർന്നവരും വേണ്ടവിധം തങ്ങളെ മനസ്സിലാക്കുന്നില്ല എന്നു് യുവജനങ്ങളും പരിഭവപ്പെടുന്നു. അപ്പോൾ ഇവരുടെ സത്യാവസ്ഥ ഗ്രഹിക്കാൻ എവിടെയാണ് അന്വേഷിക്കേണ്ടതു്?

വിദ്യാഭ്യാസം കുറവായ മാതാപിതാക്കൾക്ക്, ഉയർന്ന പരീക്ഷാ യോഗ്യതയുള്ള മക്കളുടെയോ, പേരക്കിടാങ്ങളുടെയോ മുമ്പിൽ അല്പം അപകർഷതാ ബോധമോ, 'ചെറുതായിപ്പോയി' എന്നുള്ള തോന്നലോ ഉണ്ടായെന്നു വരാം. പക്ഷെ ഇക്കാരണത്താലല്ലാതെ തന്നെ, ഇളം തലമുറയുമായി സംവാദതലത്തിലെത്താനാകാതെ അകന്നു നിൽക്കുന്ന ധാരാളം മുതിർന്നവരുമുണ്ടു്. മക്കളുടെ ആധുനികതയിൽ പൊതിഞ്ഞ ജീവിതത്തിൻെറ 'വേഗം 'ഒന്നളക്കാൻ പോലും അവർക്കാകുന്നില്ല. ഇത്തരം ജീവിത രംഗങ്ങളിൽ ആരെയാണ് പഴി പറയേണ്ടതു്? എവിടെ ആർക്കാണ് പിഴവു പററിയതു്?

തങ്ങളുടെ മക്കൾ ഉയർന്ന ഉദ്യോഗത്തിലെത്തണം, നല്ല സ്ത്രീധനവും വാങ്ങി, വലിയൊരു വീട്ടിൽ സുഭിക്ഷമായി വാഴണം—ഡോക്ടറായോ, എൻജിനിയറായോ, ഐ. എ. എസ്സായോ അല്ലെങ്കിൽ അമേരിക്കയിൽ കംപ്യൂട്ടർ എൻജിനിയറായോ – ഇങ്ങനെയൊരു സ്വപ്നമല്ലാതെ അധികം മാതാപിതാക്കളുടെയും മനസ്സിലിരിപ്പ് എന്താണ്? ഇതിലേതെങ്കിലുമോ, ഇവയ്ക്കു സമാനമായ മറേറതെങ്കിലുമോ, നേടിക്കഴിഞ്ഞാൽ കൃതാർത്ഥരായി, ഇനി സ്വസ്ഥമായൊന്നു ജീവിച്ച്, കടന്നുപോയാൽ മതി എന്നാണവരുടെ ജീവിത സായാഹ്നത്തിലെ 'അത്യാഗ്രഹം'! തങ്ങളുടെ മക്കൾ ഉയന്ന ഉദ്യോഗത്തോടും സാമൂഹ്യ നിലയോടുമൊപ്പം, നല്ല മനുഷ്യരായി വളർന്നോ എന്നു് തുടർച്ചയായി അന്വേഷിപ്പാൻ അധികമാരും മിനക്കെട്ടു കാണുന്നില്ല. ചെറുപ്പം മുതൽതന്നെ സ്നേഹം, ദയ, പരോപകാരം, നിഷ്കളങ്കതയുടെ ധൈര്യം, ദൈവഭക്തി എന്നിത്യാദി ഗുണങ്ങൾ ശീലങ്ങളായി അവരിൽ വളർത്താൻ എത്ര മാതാപിതാക്കൾ സമയം കണ്ടെത്തും? തങ്ങളുടെ മക്കൾ സമർത്ഥരാണ്; മുഴുവൻ സമയം പഠനം മാത്രം, ട്യൂഷൻ മാത്രമല്ലാതെ പ്രാർത്ഥിക്കാൻപോലും സമയം കിട്ടുന്നില്ല എന്നു പറയുന്നതു് അഭിമാനമായി കണക്കാക്കുന്ന 'അല്പവിശ്വാസികൾ' ധാരാളമില്ലേ?

നല്ല ജീവിതോപദേശങ്ങളും, നല്ല ജീവിത മാതൃകയും ഈശ്വരനുതുല്യമായ സ്നേഹവും ശിക്ഷണവും കുട്ടികൾക്കു ലഭിക്കുന്നു എന്നു് ഉറപ്പുവരുത്താതെ, കുട്ടികളെ തങ്ങൾ 'വളർത്തി' എന്നു് മാതാപിതാക്കൾക്കോ, രക്ഷിതാക്കൾക്കോ അവകാശപ്പെടാനാവില്ല.

രക്ഷിതാക്കൾ മക്കൾക്കു നൽകുന്ന ഉത്തമസമ്പാദ്യങ്ങൾ എന്തെല്ലാമാകാം? തങ്ങളുടെ ജീവിത സായാഹ്നത്തിലോ, സന്ധ്യയിലോ, മുതിർന്നവർ അടുത്ത തലമുറയ്ക്കു കൈമാറുന്ന സദുപദേശങ്ങൾ എന്തെല്ലാമായിരിക്കും? തങ്ങൾക്കു നൽകാവുന്നതിൻെറ പരമാവധിയും, കുട്ടികൾക്ക് ഏററവും ഉത്തമമായതും അവർക്കു നൽകിയെന്ന നിർവൃതിയോടെ ഇഹലോകത്തോടു വിടപറയാൻ എത്ര പേർക്കാകും?

നല്ല ഭക്ഷണവും, പാർപ്പിടവും, തൊഴിലുംതജ്ജന്യങ്ങളായ സൗകര്യങ്ങളും കുഞ്ഞുങ്ങൾക്കു നൽകേണ്ടതു് ആവശ്യംതന്നെ. എന്നാൽ ധാർമ്മികതയുടെയും ദൈവഭക്തിയുടേയും പാഠവും കണ്ടു് അനുകരിക്കാനുതകുന്ന, ഉത്തമ മാതൃകയും അവർക്കു നൽകാനാകാതെവരുന്നതു് വലിയ നഷ്ടംതന്നെ. ദൈവമില്ലാത്തവരായി, മതനിരപേക്ഷതയുടെ മറവിൽ കുട്ടികളെ വളർത്തുന്ന 'യുക്തി' സമ്പന്നരായ രക്ഷിതാക്കൾ ധാരാളമുണ്ടു്. സ്വതവേ, നിരീശ്വരാഭിമുഖ്യമുള്ളവരോ, വിവിധ മത-സാമൂഹ്യ വിഭാഗങ്ങളിൽപ്പെട്ടവരോ വിവാഹിതരാകുമ്പോൾ ഇതിനുള്ള സാദ്ധ്യത ഏറുകയാണ്. അങ്ങനെ വളർന്നുവരാൻ ഇടയാകുന്ന കുട്ടികളുടെ ദൗർഭാഗ്യം എന്നല്ലാതെ എന്തുപറയാൻ! സമൂഹ്യ രംഗങ്ങളിൽ 'ധാടി' യായി വിഹരിക്കുന്നവർ, ഉല്ലാസസംരംഭങ്ങളിൽ സജീവരാകാം; സന്തോഷം നൽകുന്നതെന്തും വിലക്കുകളില്ലാതെ അനുഭവിച്ചാസ്വദിക്കാൻ അവർ ഉത്സുകരായേക്കാം. പക്ഷേ, തങ്ങളുടെ നടപടികളിലെ വൈകല്യംമൂലം തലമുറകളെ നാശോന്മുഖരാക്കുന്ന പാതയിലൂടെയാണ് തങ്ങൾ സഞ്ചരിക്കുന്നതു് എന്നു് അവർ അറിഞ്ഞിരുന്നെങ്കിൽ!

ഭൗതികമായി ഔന്നത്യം പ്രാപിച്ചവരോ അല്ലാത്തവരോ ആയ രക്ഷിതാക്കൾ ആകട്ടെ, അവരുടെ ദൈവവിശ്വാസദാർഢ്യവും അചഞ്ചലമായ സത്യനിഷ്ഠതയും അടുത്ത തലമുറയ്ക്കു് വിലതീരാത്ത നിധിപോലെയായിരിക്കും.

യഹോവയുടെ ആലയം പണിയുന്നതിനു് നിയുക്തനായ ശലോമോനു്, ആലയനിർമ്മാണത്തിനുവേണ്ട ഭൗതീക വസ്തുക്കൾ ശേഖരിച്ചു് നൽകുന്നതിനോടൊപ്പം ദാവീദ് നൽകുന്ന രണ്ടു് കാതലായ ഉപദേശങ്ങൾ ഇതാ: (1) നിൻെറ അപ്പൻെറ ദൈവത്തെ അറിയുക (2) പൂർണ്ണഹൃദയത്തോടും നല്ല മനസ്സോടുംകൂടെ ദൈവത്തെ സേവിക്കുക.

കാഞ്ചീപുരം, ബനാറസ് പട്ടുസാരികൾ മുതൽ മേന്മയേറിയ
കോട്ടൺസാരികൾവരെ - നിരവധി!
നവീനഫാഷനിലുള്ള മിഡികൾ, മാക്സികൾ,
ചുരിദാറുകൾ, മാച്ചിംഗ് ബ്ലൗസ്പീസുകൾ.

പ്രസിദ്ധമായ മില്ലുകളിൽനിന്നുമാത്രമുള്ള ഷർട്ടിംഗുകളും,
സൂട്ടിംഗുകളും. അനന്യലഭ്യമായ ജെയ്ബീ ഷർട്ടുകളും,
സൂട്ടുകളും, ട്രൗസറുകളും- ഒപ്പം പ്രചാരമേറിയ മററു
റെഡിമെയ്ഡുകളും.

കൂടാതെ കട്ട്പീസുകൾ, വേഷ്ടികൾ അടിവസ്ത്രങ്ങൾ
ഫർണീഷിംഗ് തുണികൾ എന്നിവയും

ജോസ് ബ്രദേഴ്സ്

എറണാകുളം–കോട്ടയം

Edited & Published by Shebaly, Printed by Rev. C. K. Joseph Ramban on behalf of M. O. C. F. C. F. Printed at Archana Offset Printers Collectorate P. O. Kottayam–2, Manager Fr. Raju Varghese, Asst. Manager A. J. George, Circulation Asst. K.P. Jacob, (Hon) Chief Editor Dr. Samuel Chandanappally, Associate Editor: Fr. C. A. Issac, Office Address: Malankara Orthodox Herald, Devalokam Kottayam–686 038